കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി. പി2-72/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്,

തിയ്യതി: 13/03/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-7 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി പി2-72/2019

തിയ്യതിഃ 13/03/2019

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.പി.എസ്.വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 10.01.2019മുതൽ 23.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഒ.കെ.അഗസ്റ്റ്യൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ.കെ.വി.ഡേവിഡ് | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.പി.ഷാജി | സീനിർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.പി.ജയൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. കടവൻ ഹംസ | 01.04.2018 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | : | ശ്രീ. പി.ഇബ്രാഹിം<br>ശ്രീ.എസ്.ഷാജി | 01.04.2018 മുതൽ 31.05.2017 വരെ<br>01.06.2017 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.സെക്രട്ടറി | | ശ്രീ. പ്രദീപ്.എം.പി<br>ശ്രീ. എം.ബി.ലതിക | 01.04.2017മുതൽ 19.06.2017 വരെ<br>20.06.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | | ശ്രീ.കെ.ജി.അനിൽ<br>ശ്രീ. ടി.പി.പൗലോസ്<br>ശ്രീ. മുഹമ്മദ് ഷഫീഖ് | 01.04.2017മുതൽ 25.09.2017വരെ<br>25.09.2017 മുതൽ 30.11.2017 വരെ<br>30.11.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | | ഡോ. എസ്.ആർ. പ്രഭാകരൻ പിള്ള<br>ഡോ. മുസ്തഫ<br>ഡോ. എസ്.ആർ. | 01.04.2017മുതൽ 30.06.2017 വരെ<br>01.07.2017 മുതൽ 30.09.2017 വരെ<br>01.10.2017 മുതൽ |

| | | | |
|---|---|---|---|
| | | പ്രഭാകരൻ പിള്ള | 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി. പ്രജിന<br>ശ്രീമതി. ലുമാഭായ് | 01.04.2017മുതൽ 16.08.2017 വരെ<br>16.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | | ഡോ. എ.ബി. സന്തോഷ്<br>ഡോ. ഇ.രേഷ്മ<br>ഡോ. സോജരാജ് | 01.04.2017മുതൽ 03.01.2018 വരെ<br>03.01.2018 മുതൽ 31.01.2018 വരെ<br>01.02.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | ഡോ.ജിഷ.ജി<br>ഡോ.രമ്യ.എ.ജി<br>ഡോ.കെ.സതീഷ്<br>ഡോ.മാത്യു ആൻഡ്രൂസ്<br>ഡോ.രമ്യ.എ.ജി | 01.04.2017മുതൽ 01.06.2017വരെ<br>01.06.2017 മുതൽ 13.06.2017 വരെ<br>13.06.2017 മുതൽ 24.08.2017 വരെ<br>25.08.2017 മുതൽ 16.10.2017 വരെ<br>17.10.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| മെഡിക്കിൽ ഓഫീസർ(ആയുർവ്വേദം) | | ഡോ. പി.ഉസ്മാൻ<br>ഡോ.ആർ.ഷാജു<br>ഡോ.പ്രവീൺ.ടി.ജോസ് | 01.04.2017മുതൽ 03.04.2017 വരെ<br>03.04.2017 മുതൽ 26.07.2017 വരെ<br>27.07.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ.പൗലോസ് പറയിടത്തിൽ | 01.04.2017മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ | | ശ്രീ. പോൾ ചാക്കോ മാർട്ടിൻ<br>ശ്രീ. സുരേഷ്.കെ.എസ് | 01.04.2017മുതൽ 17.06.2017 വരെ<br>18.06.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ. റഹീം ഫൈസൽ<br>ശ്രീ. റെജി.എൻ.ജോൺ | 01.04.2017 മുതൽ 31.03.2018 വരെ<br>01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 1-3 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകത-പഞ്ചായത്തിന് വൻ നികുതി നഷ്ടം - | 2-1 |
| 14 | ഗുണഭോക്തൃവിഹിതമായി പിരിച്ച മുഴുവൻ തുകയും പഞ്ചായത്തിൽ അടവാക്കിയില്ല | 2-2 |
| 15 | 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായ നിർമ്മാണ പ്രവർത്തികൾ വ്യാപകം -പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല | 2-3 |
| 16 | സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രോജക്ടുകൾ നടപ്പിലാക്കുന്നു. | 3-1 |
| 17 | വിനിയോഗ വിവരം ലഭ്യമാക്കാത്ത പദ്ധതികൾ- തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 18 | ജൂബിലി ഭവനം- ലോൺ തിരിച്ചടവ് പരിശോധിക്കുന്നില്ല. | 3-3 |

| | | |
|---|---|---|
| 19 | തെരുവ് വിളക്ക് പരിപാലനം - സ്ഥാപിച്ചതിനേക്കൾ കൂടുതൽ വിളക്കുകൾ വാങ്ങിയതിന് തുക നൽകി. | 3-4 |
| 20 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ വിഹിതം നൽകിയില്ല. | 3-5 |
| 21 | അങ്കണവാടി പോഷകാഹാര വിതരണം-ജനറൽ- വിതരണം ചെയ്തതിലും കൂടുതൽ ഭക്ഷ്യധാന്യത്തിന് തുക നൽകി. | 3-6 |
| 22 | ലൈഫ് മിഷൻ (എസ് .ടി വിഭാഗത്തിലെ വീടുകളുടെ പൂർത്തീകരണം) പദ്ധതി നടത്തിപ്പിൽ ഗുരുതരമായ പാളിച്ചകൾ | 3-7 |
| 23 | പേ റിവിഷൻ അരിയർ നല്കിയത് - അപാകതകൾ . | 3-8 |
| 24 | പേ റിവിഷൻ കുടിശ്ശിക തുക ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ അടച്ചില്ല. | 3-9 |
| 25 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് - രേഖകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല.. | 3-10 |
| 26 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അധികം അടവാക്കുന്നു. | 3-11 |
| 27 | യാത്രാപ്പടി അനുവദിക്കുന്നത് - അപാകതകൾ | 3-12 |
| 28 | രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-13 |
| 29 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിക്ക് കരാറുകരനുള്ള ലാഭം അനുവദിച്ചതിനാൽ നഷ്ടം. | 3-14 |
| 30 | ഗുണഭോക്തൃ സമിതിക്ക് അധിക തുക നൽകി. | 3-15 |
| 31 | മണ്ണിട്ട് നികത്തലിന് അധിക തുക നൽകി. | 3-16 |
| 32 | കരാർഉടമ്പടി പ്രകാരം നൽകേണ്ടതിലും അധിക തുക നൽകി. | 3-17 |

| | | |
|---|---|---|
| 33 | മണ്ണിട്ട് നികത്തൽ - സൈറ്റിൽ ലഭ്യമായ മണ്ണ് കുറവ് ചെയ്തില്ല. | 3-18 |
| 34 | ടെണ്ടർ ഫോറത്തിലെ തിരുത്തൽ സാക്ഷ്യപ്പെടുത്താത്തതിനാൽ തിരുത്തിയെഴുതിയ നിരക്ക് അംഗീകരിക്കുന്നില്ല. | 3-19 |
| 35 | ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്ക് വിവരം എഴുതി സൂക്ഷിച്ചിട്ടില്ല. | 3-20 |
| 36 | പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലെയും നിർവ്വഹണത്തിലെയും വീഴ്ചകൾ | 3-21 |
| 37 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 40 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപം | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 47 | വാർഷിക കണക്കുകളിലെ അപാകതകൾ | അനുബന്ധം - 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017തീയതിയിലെ 01/17(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27.03.2018 തീയതിയിലെ 01/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 30.04.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 30.04.2018 | കെ.എസ്.എ.ഡബ്ല്യു. വൈ.ഡി-പി2-520/18 തിയ്യതി 28.06.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,80,18,292 |
| വരവ് | 10,77,89,024 |
| ആകെ | 12,58,07,316 |
| ചെലവ് | 10,19,02,947 |
| നീക്കിയിരിപ്പ് | 2,39,04,369 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18610000 | 18610000 | 17915952 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1701960 | 1701960 | 1124089 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 18092647 | 18092647 | 17577306 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 6893500 | 6893500 | 5846981 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 40420d00 | 4042000 | 2878931 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 13507680 | 13507680 | 9711976 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 1675960 | 1675960 | 1458745 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 8529340 | 10734020 | 19263360 | 11939307 | 7324053 |
| സ്പെഷ്യൽ ടി.എസ്.( ജോയന്റ് വെഞ്ചർ) | 0 | 6855800 | 6855800 | 3864494 | 2991306 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 241 | 94748867 | 169 | 66056251 | 37 | 35 | 70.12 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 2762630 | 2762630 | 2554831 | 207799 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23564608 | 23564608 | 23564608 | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42000 | 132 |
| കർഷകതൊഴിലാളി പെൻഷൻ | 6875000 | 608 |
| വിധവാപെൻഷൻ | 16948500 | 1437 |
| വാർദ്ധക്യകാലപെൻഷൻ | 18458400 | 1502 |
| വികലാംഗപെൻഷൻ | 3960900 | 329 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2019ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 45326രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമായി നടക്കുന്നില്ല. സെക്രട്ടറിയുടെ ശമ്പള പരിഷ്കരണം കുടിശ്ശിക, ശമ്പള ബില്ലുകൾ എന്നിവ മതിയായ മേലൊപ്പ് വെച്ച് സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2017-18 സാമ്പത്തികവർഷം പഞ്ചായത്ത് വാങ്ങിയ പല ആസ്തികളുടെയും വിവരം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്യുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ ചർച്ച ചെയ്യുന്നതല്ലാതെ പദ്ധതികളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നില്ല.സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതികൾ നടപ്പാക്കുന്നു. തെരുവ് വിളക്കുകളുടെ കണക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല. വൈദ്യുതി വിളക്കുകളുടെ വാങ്ങലുകളും ക്രമ പ്രകാരമല്ല. മേൽ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2018 മുതൽ 25.06.2018 വരെ | 2017-18 | 03.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.12.2015 | 2010-11 മുതൽ 2014-15 | 29.01.2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങളില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകത-പഞ്ചായത്തിന് വൻ നികുതി നഷ്ടം -

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 28.4.2011ലെ 24/11 ാം നമ്പർ തീരുമാന പ്രകാരം 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60 /- രൂപയാണ്. മേൽ ചട്ടത്തിലെ 3 ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാന നിരക്ക് 45/-രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) ശ്രീമതി ഹബീബ പടിഞ്ഞാറേയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടം.കെട്ടിട നമ്പർ-12/364 A മുതൽ A10 വരെ

കെട്ടിട പെർമ്മിറ്റ് -നം.ബി.പി-9/2012-തിയ്യതി 20.06.2012 -
16.01.2014 തീയതിയിലെ പൂർത്തീകരണപ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം-740.77 ച.മീ.

| | |
|---|---|
| തറ നില | 219.04 ച.മീ |
| ഒന്നാം നില | 248.02 ച.മീ |
| രണ്ടാം നില | 248.02 ച.മീ |

| | |
|---|---|
| സ്റ്റെയർ മുറി | 25.69 ച.മീ |
| ആകെ | 740.77 ച.മീ |

ഈടാക്കിയതും ഈടാക്കേണ്ടതുമായ വസ്തു നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|
| 1 | 12/364 A മുതൽ Kവരെ<br>(I ഒഴികെ) | 18x10=180<br>(12/364-L,M മുറികളുടെ ഉപയോഗക്രമം ഇതര വ്യവസായം ആയതിനാൽ കണക്കാക്കേണ്ട തറ വിസ്തീർണ്ണം 144 ച.മീ.) | ഭൂനിരപ്പ് നില- 144ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-45/- രൂപ- വർദ്ധനവ് (വഴിസൗകര്യം)- 20%. ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=7776/-<br>ലൈബ്രറിസെസ്-389/-<br>ആകെ-8165/- | ഭൂനിരപ്പ് നിലയുടെ - വിസ്തീർണ്ണം- 144ച.മി ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്- 60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20% ) =144 x60x1.2=10368/-<br>ലൈബ്രറി സെസ് 5%=518/-<br>ആകെ-10886/- |
| 2 | 12/364<br>N മുതൽ X വരെ<br>(O ഒഴികെ) | 18x9+19=181 m2<br>(N-19 m2,മറ്റുള്ളവ-18 m2 വീതം) | ഒന്നാം നില- 181ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-45/- രൂപ- വർദ്ധനവ്(വഴി സൗകര്യം)-20 %.<br>=9774/-<br>നില ഇളവ്-5 %=489/-<br>വസ്തുനികുതി=9285/-<br>ലൈബ്രറിസെസ്-5 % | ഒന്നാം നില യുടെ - വിസ്തീർണ്ണം- 181 ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്- 60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20%)<br>=181 x60x1.2=13032/- നില-ഇളവ്-5 %=13032x.05=652/- |

| | | | | |
|---|---|---|---|---|
| | | | =465/-<br>ആകെ-9750/-<br>(12/364-Y,Z മുറികളുടെ ഉപയോഗക്രമം ഇതര വ്യവസായം) | വസ്തുനികുതി=12380/-<br>ലൈബ്രറി സെസ് 5%=619/-<br>ആകെ-12999/- |
| 3 | 12/364 A1 | 19 m2 | രണ്ടാം നില- 19ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-45/- രൂപ-വർദ്ധനവ്(വഴി സൗകര്യം)-20=1026<br>നില ഇളവ്-10%=103/<br>നിർണ്ണയിച്ച വസ്തുനികുതി=923/-<br>ലൈബ്രറിസെസ്-47/-<br>ആകെ-970/-<br>-(12/364-A2-A4 മുറികളുടെ ഉപയോഗക്രമം വാണിജ്യം-നിരക്ക് 60/-,12/364 A5-A9 ലോഡ്ജ്-നിരക്ക് 30/-,A10-വാണിജ്യം-നിരക്ക് 60/-) | രണ്ടാം നില- 19ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-60/- രൂപ-വർദ്ധനവ്(വഴി സൗകര്യം)-20=1368<br>നില ഇളവ്-10%=137/<br>വസ്തുനികുതി=1231/-<br>ലൈബ്രറിസെസ്-62/-<br>ആകെ-1293/- |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 6293/- രൂപയുടെ കുറവുണ്ട്(25178 - 18885 ). ആയത് പൂർത്തീകരണ പ്ലാൻ സമർപ്പിച്ച 16.01.2014 മുതൽ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | കുടിശ്ശിക ഈടാക്കേണ്ട കാലയളവ് | തുക |
|---|---|---|
| 1 | 2013-14 രണ്ടാം അർദ്ധ വർഷം | 3147 |
| 2 | 2014-15 | 6293 |
| 3 | 2015-16 | 6293 |
| 4 | 2016-17 | 6293 |
| 5 | 2017-18 | 6293 |
| ആകെ | | 28319/-രൂപ |

അതാത് കാലയളവിലെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതിനു പുറമേ , 21.01.2019 ന് നടത്തിയ പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ ഇടത് ഭാഗത്ത് പണിതതായി കണ്ട നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235.എ.എ പ്രകാരം കെട്ടിടം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ പൊളിച്ച് മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയുടെ മൂന്നിരട്ടി ഈടാക്കേണ്ടതുമാണ് (ആയത് അതുമായി ബന്ധപ്പെട്ട ഖണ്ഡിക 2-3(2)ൽ പരാമർശിച്ചിട്ടുണ്ട്)

2) ഇബ്രായി മുതൽ പേർ വിലങ്ങിൽ വീട് ,പൊൻമേരി,വടകര(പി.ഒ) എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം.

കെട്ടിടത്തിന്റെ നമ്പർ- 12/489-A മുതൽ Z വരെയും A1 മുതൽ A14 വരെയുള്ള കെട്ടിടം.

മേൽ സൂചന ഓഡിറ്റ് റിക്വസിഷൻ പ്രകാരവും നേരിട്ടും ആവശ്യപ്പെട്ടിട്ടും ഈ കെട്ടിടത്തിന്റെ പൂർത്തീകരണപ്ളാൻ, നമ്പറിംഗ് ഫയൽ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരമുള്ള തറ വിസ്തീർണ്ണം ഇപ്രകാരമാണ്.

| | |
|---|---|
| തറ നില | 199.99ച.മീ |
| ഒന്നാം നില | 207.68 ച.മീ |
| രണ്ടാം നില | 192.63 ച.മീ |
| ആകെ | 600.3 ച.മീ |

ഈടാക്കിയതും ഈടാക്കേണ്ടതുമായ വസ്തു നികുതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|
| 1 | 12/489- A | 199.99 | ഭൂനിരപ്പ് നില- 199.99ച.മി | ഭൂനിരപ്പ് നിലയുടെ - |

| | | | | |
|---|---|---|---|---|
| | മുതൽ Qവരെ<br>(I,O ഒഴികെ) | | ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-45/- രൂപ- വർദ്ധനവ്(വഴിസൗകര്യം)-20%. ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=10800/-<br>ലൈബ്രറിസെസ്-540/-<br>ആകെ-11340/- | വിസ്തീർണ്ണം-199.99ച.മി ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20%) =199.99 x60x1.2=14399/-<br>ലൈബ്രറി സെസ് 5%=720/-<br>ആകെ-15119/- |
| 2 | 12/489<br>R മുതൽ A-7വരെ | 207.68 m2 | ഒന്നാം നില-207.68ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-45/- രൂപ-വർദ്ധനവ്(വഴി സൗകര്യം)-20 %.<br>=11215/-<br>നില ഇളവ്-5 %=561/-<br>വസ്തുനികുതി=10654/-<br>ലൈബ്രറിസെസ്-5 %.=533/-<br>ആകെ-11187/-<br>(രണ്ടാം നില-12/489-A-8 മുതൽ A-14 വരെ -ഉപയോഗക്രമം ലോഡ്ജ്) | ഒന്നാം നില യുടെ - വിസ്തീർണ്ണം- 207.68 ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20%)<br>=207.68 x60x1.2=14953/- നില-ഇളവ്-5 %=14953x.05=748/-<br>വസ്തുനികുതി=14205/-<br>ലൈബ്രറി സെസ് 5%=710/-<br>ആകെ-14915/- |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 7507/- രൂപയുടെ കുറവുണ്ട്(30034 - 22527 ). ആയത് കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച 2016-17 മുതൽ അതാത് കാലയളവിലെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദാംശം താഴെകൊടുക്കുന്നു.

| ക്രമനം | കുടിശ്ശിക ഈടാക്കേണ്ട കാലയളവ് | തുക |
|---|---|---|
| 4 | 2016-17 | 7507 |

| | | |
|---|---|---|
| 5 | 2017-18 | 7507 |
| ആകെ | | 15014/-രൂപ |

3) ശ്രീ.അഷ്റഫ് ,മങ്ങാട്ടുപറമ്പിൽ മുതൽപ്പേരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടം. കെട്ടിട നമ്പർ-12/862 A മുതൽ Z വരെയും A1 മുതൽ A2 വരെയും.
കെട്ടിട പെർമ്മിറ്റ് -നം.എ3-36/2015-തിയ്യതി 07.07.2015.

| | |
|---|---|
| ബേസ് മെന്റ് നില | 246.39 ച.മീ |
| തറ നില | 244.14 ച.മീ |
| ഒന്നാം നില | 272.31 ച.മീ |
| സ്റ്റെയർ മുറി-1 | 12.48 ച.മീ |
| സ്റ്റെയർ മുറി-2 | 13.44 ച.മീ |
| ആകെ | 788.76 ച.മീ |

21.11.2016 തീയതിയിൽ പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണപ്ളാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം 524.82 ച.മീ.

| | |
|---|---|
| ബേസ് മെന്റ് നില | 236.52 ച.മീ |
| തറ നില | 262.80 ച.മീ |
| സ്റ്റെയർ മുറി-1 | 12.50 ച.മീ |
| സ്റ്റെയർ മുറി-2 | 13.00 ച.മീ |
| ആകെ | 524.82 ച.മീ |

എന്നാൽ 390.96 ച.മീ. തറ വിസ്തീർണ്ണത്തിനാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം (കെട്ടിട ഉടമസ്ഥർ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് സെക്രട്ടറിക്ക് നൽകിയ അപേക്ഷയോടൊപ്പം നൽകിയ പൂർത്തീകരണ പ്ലാൻ പ്രകാരം) കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം-630.26 ച.മീറ്ററാണ്. ആയതിന്റെ വിശദാംശം താഴെകൊടുക്കുന്നു.

| | |
|---|---|
| ബേസ് മെന്റ് നില | 309.40 ച.മീ |
| തറ നില | 309.4 ച.മീ |

| | |
|---|---|
| സ്റ്റെയർ മുറി-1 | 5.73 ച.മീ |
| സ്റ്റെയർ മുറി-2 | 5.73 ച.മീ |
| ആകെ | 630.26 ച.മീ |

എന്നാൽ ഇതിൽ സ്റ്റെയർ റൂം – 1(5.73ച. മീ.) സ്റ്റെയർ റൂം – 2 (5.73ച. മീ.)എന്നിവ കുറച്ച് 618.8 ച. മീ. തറ വിസ്തീർണ്ണത്തിനാണ് വസ്തു നികുതി കണക്കാക്കേണ്ടത്. വിവരം ചുവടെ ചേർക്കുന്നു.

| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|
| 1 | 12/862 A മുതൽ Nവരെ (I,O ഒഴികെ) | 195.48 | ഫോം-6 പ്രകാരം ബേസ്മെന്റ് നില-195.48ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-45/- രൂപ- വർദ്ധനവ്(വഴിസൗകര്യം)-20%. ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=10556/-<br>ലൈബ്രറിസെസ്-528/-<br>ആകെ-11084/- | പൂർത്തീകരണപ്ലാൻ പ്രകാരം ബേസ്മെന്റ് നില,ഭ്രനിരപ്പ് നില – വിസ്തീർണ്ണം- 618.8 ച.മി ഈടാക്കേണ്ട വസ്തുനികതി<br>അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20% ) =618.8 x60x1.2=44554/-<br>ലൈബ്രറി സെസ് 5%=2228/-<br>ആകെ-46782/- |
| 2<br>3 | 12/862-P മുതൽ A2 വരെ | 195.48 | ഒന്നാം നില- 195.48ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-45/- രൂപ- വർദ്ധനവ്(വഴി സൗകര്യം)-20 %.<br>=10556/-<br>നില ഇളവ്-5 %=528/-<br>വസ്തുനികുതി=10028/-<br>ലൈബ്രറിസെസ്-5 %.=502<br>ആകെ-10530/- | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 25168/- രൂപയുടെ കുറവുണ്ട് (46782 - 21614 ). ആയത് കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 21.11.2016 മുതൽ അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | കുടിശ്ശിക ഈടാക്കേണ്ട കാലയളവ് | തുക |
|---|---|---|
| 1 | 2016-17 രണ്ടാം അർദ്ധ വർഷം | 12584 |

| | | |
|---|---|---|
| 2 | 2017-18 | 25168 |
| ആകെ | | 37752/-രൂപ |

4) ശ്രീ സാജിദ് മണിയോടൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 5/164-A മുതൽ F വരെയുള്ള കെട്ടിടം.

കെട്ടിട പെർമ്മിറ്റ് -നം.5/2012-തിയ്യതി 07/06/2012

| | |
|---|---|
| ബേസ് മെന്റ് നില | 108.56 ച.മീ |
| ഭൂനിരപ്പ് നില | 121.52 ച.മീ |
| ഒന്നാം നില | 127.40 ച.മീ |
| ആകെ | 357.48 ച.മീ |

19.10.2015 തീയതിയിലെ ഭാഗിക പൂർത്തീകരണപ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം 263.04 ച.മീ. ആണെങ്കിലും പണിപൂർത്തിയാകാത്തതായി കാണിച്ചിട്ടുള്ള ബേസ് മെന്റ് നിലയും (108.56 ച.മീ.) ഒന്നാം നിലയ്ക്ക് മുകളിലുള്ള ഓപ്പൺ ടെറസ്സും(137.64 ച.മീ) ഭിത്തി കെട്ടി ഉപയോഗയോഗ്യമാക്കിയതായി 21.01.2019 ന് പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ കണ്ടു. ആയതിനാൽ നിലവിൽ ഈ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 509.24 ച.മീറ്ററാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| ബേസ് മെന്റ് നില | 108.56 ച.മീ |
| ഭൂനിരപ്പ് നില | 125.4 ച.മീ |
| ഒന്നാം നില | 137. 64ച.മീ |
| രണ്ടാം നില | 137.64 ച.മീ |
| ആകെ | 509.24 ച.മീ |

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു

| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|
| 1 | 5/164 A മുതൽ Cവരെ | 125.4 | ഭൂനിരപ്പ് നില- 125.4ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-45/-രൂപ- വർദ്ധനവ്(വഴിസൗകര്യം)-20%. ലൈബ്രറിസെസ്-5 %. | ബേസ്മെന്റ് നില-108.56 ച.മീ( വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല),ഭൂനിരപ്പ് നില - വിസ്തീർണ്ണം-125.40ച.മി |

| | | | | |
|---|---|---|---|---|
| | | | നിർണ്ണയിച്ച വസ്തുനികുതി=6772/-<br>ലൈബ്രറിസെസ്-339/-<br>ആകെ-7111/- | ഭൂനിരപ്പ് നില ക്ക് നിർണ്ണയിക്കേണ്ട വസ്തുനികുതി<br>എ) തറ നില<br>അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20% ) =125.40 x60x1.2=9029/-<br>ലൈബ്രറി സെസ് 5%=451/-<br>ആകെ-9480/- |
| 2 | 5/164<br>D മുതൽ F വരെ | 137.64 | ഒന്നാം നില- 137.64ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-45/-രൂപ-വർദ്ധനവ്(വഴി സൗകര്യം)-20 %.<br>=7433/-<br>നില ഇളവ്-5 %=489/-<br>വസ്തുനികുതി=372/-<br>ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=7061/-<br>ലൈബ്രറിസെസ്-354/-<br>ആകെ-7415/- | ഒന്നാം നില യുടെ തറ വിസ്തീർണ്ണം- 137.64 ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20%)<br>=137.64x60x1.2=9910/- നില-ഇളവ്-5 %=9911x.05=496/-<br>വസ്തുനികുതി=9414/-<br>ലൈബ്രറി സെസ് 5%=471/-<br>ആകെ-9885/- |

ഈ കെട്ടിടത്തിന്റെ തറ നിലയ്ക്കും ഒന്നാം നിലയ്ക്കും വസ്തുനികുതി നിർണ്ണയിച്ചതിൽ 4839/- രൂപയുടെ കുറവുണ്ട്(19365-14526). ആയത് അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | കുടിശ്ശിക ഈടാക്കേണ്ട കാലയളവ് | തുക |
|---|---|---|
| 1 | 2015-16 | 4839 |
| 2 | 2016-17 | 4839 |
| 3 | 2017-18 | 4839 |
| ആകെ | | 14517/-രൂപ |

ഇതിനു പുറമേ , 21.01.2019 ന് നടത്തിയ പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ പ്ലോട്ടിൽ പണിതതായി കണ്ട നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235.എ.എ പ്രകാരം കെട്ടിടം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ പൊളിച്ച് മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയുടെ മൂന്നിരട്ടി ഈടാക്കേണ്ടതുമാണ്( ആയത് അതുമായി ബന്ധപ്പെട്ട ഖണ്ഡിക 2-3(1) ൽ പരാമർശിച്ചിട്ടുണ്ട്)

മേൽ പരാമർശിച്ചവ കൂടാതെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവരുടെ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് ഇത്തരത്തിൽ വസ്തുനികുതി കുറവായി നിർണ്ണയിച്ചിട്ടുണ്ട്.

1)ശ്രീ യു.ജെ വർക്കി എന്നവരുടെ ഉടമസ്ഥതയിലുള്ള 2/227-A മുതൽ G വരെയുള്ള കെട്ടിടം.

2)മില്ലുമുക്ക് പ്രസിഡൻറ് അൻസറുൽ ഇസ്ലാം സംഘം എന്നവരുടെ ഉടമസ്ഥതയിലുള്ള 17/457-A മുതൽ C വരെയുള്ള കെട്ടിടം.

3)ഡോ.വി.പി ഉസ്മാൻ,ഷെറിൻ വീട് ,കണിയാമ്പറ്റ എന്നവരുടെ ഉടമസ്ഥതയിലുള്ള 3/392-A-V- .

4)ശ്രീ അബ്ദുൾ റഹ്മാൻ നിസാർ മൻസിൽ വരദൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള 6/202-A_F എന്ന കെട്ടിടം

5)ശ്രീ മല്ലിനാഥ പ്രസാദ് ,ശ്രീജി നിവാസ് വരദൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള 6/209-A-Hഎന്ന കെട്ടിടം .

6)മുഹമ്മദ് ഇസ്ഹാക്ക് വൈത്തലപറമ്പൻ,കമ്പളക്കാട് എന്നവരുടെ ഉടമസ്ഥതയിലുള്ള 5/91E-G കെട്ടിടം .

7)മുഹമദ് ഹനീഫ വൈത്തലപറമ്പൻ ,കമ്പളക്കാട് എന്നവരുടെ ഉടമസ്ഥതയിലുള്ള 5/92-A-F കെട്ടിടം തുടങ്ങിയവ.

മേൽ വിഷയവുമായി ബന്ധപ്പട്ട ഓഡിറ്റ് എൻക്വയറി നമ്പർ 16 /17-18/23.01.19 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള എല്ലാ വാണിജ്യകെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60 /- രൂപ നിരക്കിൽ വസ്തു നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും കുടിശ്ശിക അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഗുണഭോക്തൃവിഹിതമായി പിരിച്ച മുഴുവൻ തുകയും പഞ്ചായത്തിൽ അടവാക്കിയില്ല

കൃഷി ഓഫീസർ 09/02/18 ന് 43319/49 മുതൽ 68 വരെയുള്ള രസീതുകളിലായി 28627 രൂപ ഗുണഭോക്തൃവിഹിതമായി പിരിച്ചുവെങ്കിലും അടവാക്കിയത് 28489 രൂപയാണ്( ഫ്രണ്ട് ഓഫീസ് രസീത് നം.117040106841 തീയതി 09.02.18). അതായത് 138/- രൂപ കുറവായിട്ടാണ് അടവാക്കിയത്. മതിയായ പരിശോധന നടത്താതെ പിരിവ് തുക അടക്കുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 02 /2017-18 / 16 .01.2019 ന് മറുപടി

ലഭ്യമാക്കിയില്ല. കുറവായി അടവാക്കിയ 138/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായ നിർമ്മാണ പ്രവർത്തികൾ വ്യാപകം -പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല

2011 ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം പ്രകാരം കാറ്റഗറി II ൽ ഉൾപ്പെടുന്ന പഞ്ചായത്താണ് കണിയാമ്പറ്റ. സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻ മേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും ആയതൊന്നും ഓഡിറ്റിന് ഹാജരാക്കിയ കെട്ടിട നിർമ്മാണ ഫയലുകളിൽ ലഭ്യമല്ല. ആയതിനാൽ 21.01.2019 ന് പഞ്ചായത്തിലെ ഏതാനും കെട്ടിടങ്ങളിൽ പഞ്ചായത്ത് അധികൃതരോടൊപ്പം സ്ഥല പരിശോധന നടത്തിയതിൽ വളരെയധികം നിയമാനുസൃതമല്ലാത്ത നിർമ്മാണ പ്രവർത്തികൾ നടത്തിയതായി കാണാൻ കഴിഞ്ഞു. 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച ഈ അനധികൃത കെട്ടിടങ്ങൾക്കെതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ അധ്യായം 3 ,22 എന്നിവ പ്രകാരം നടപടിയെടുക്കേണ്ടതും അതുവരെ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235.എ.എ പ്രകാരം കെട്ടിടം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ പൊളിച്ചു മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക ഈടാക്കേണ്ടതാണ്. സ്ഥല പരിശോധനയിൽ കണ്ട നിയമാനുസൃതമല്ലാത്ത നിർമ്മാണ പ്രവർത്തങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) ശ്രീ സാജിദ് മണിയോടൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 5/164-A മുതൽ F വരെയുള്ള നമ്പറിട്ട കെട്ടിടം.

കെട്ടിട പെർമ്മിറ്റ് -നം.5/2012-തിയ്യതി 07/06/2012

| | |
|---|---|
| ബേസ് മെന്റ് നില | 108.56 ച.മീ |
| ഭൂനിരപ്പ് നില | 121.52 ച.മീ |
| ഒന്നാം നില | 127.40 ച.മീ |
| ആകെ | 357.48 ച.മീ |

റവന്യൂ രേഖകൾ പ്രകാരം ( സർവ്വേ നം.785/14,15,16) 195 ച.മീറ്ററാണ് പ്ലോട്ടു വിസ്തീർണ്ണം. 19/10/2015തീയതിയിലെ ഭാഗിക പൂർത്തീകരണപ്ളാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം 276.37 ച.മീ. ആണ്.

വിശദാംശം താഴെപ്പറയുന്നു.

| | |
|---|---|
| ഭൂനിരപ്പ് നില | 125.4 ച.മീ |
| ഒന്നാം നില | 137.64 ച.മീ |
| സ്റ്റെയർ റൂം | 13.33 ച.മീ |
| ആകെ | 276.37 ച.മീ |

സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു

1)ഭാഗീക പൂർത്തീകരണ പ്ലാനിൽ കെട്ടിടത്തിന്റെ പുറക് വശത്തായി നാല് വാഹനങ്ങളുടെ പാർക്കിംഗിനായി കാണിച്ചിട്ടുള്ള സ്ഥലത്തിന് ,നിലവിൽ കെട്ടിടം കഴിഞ്ഞ് , 60 സെ.മി. മാത്രമാണ് വീതിയുള്ളത്. അവിടെ വാഹനം പാർക്ക് ചെയ്യാൻ സാധിക്കുകയില്ല.

2)കെട്ടിടത്തിന്റെ മുൻഭാഗത്തെ (കമ്പളക്കാട് -മാനന്തവാടി റോഡിന്റെ വശത്ത്) പാർക്കിംഗ് സ്ഥലത്തെ വിസ്തീർണ്ണം 9.60 മീ.X 4.4 മീറ്ററാണ്(ഡ്രൈവ് വേ അടക്കം). അവിടെ രണ്ടു വാഹനങ്ങളെ പാർക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ.

3)ഭാഗീക പൂർത്തീകരണ പ്ലാനിൽ പണിപൂർത്തിയാക്കിയിട്ടില്ലാത്തതായി കാണിച്ച സെല്ലാർ നിലയും(108.56 ച.മീ. വിസ്തീർണ്ണം-പ്ലൈവുഡ് കൊണ്ട് നിർമ്മിച്ച ഭിത്തി) ഓപ്പൺ ടെറസ്സായി കാണിച്ച രണ്ടാംനിലയും (127.40 ച.മീ. വിസ്തീർണ്ണം-പ്ലൈവുഡ് കൊണ്ട് നിർമ്മിച്ച ഭിത്തി-മേൽക്കൂര ഷീറ്റ്) ഉപയോഗപ്പെടുത്തിയതായി കണ്ടു. ആയതിനാൽ നിലവിൽ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 509.24 ച.മീറ്ററാണ്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| ബേസ് മെന്റ് നില | 108.56 ച.മീ |
| ഭൂനിരപ്പ് നില | 125.4 ച.മീ |
| ഒന്നാം നില | 137. 64ച.മീ |
| രണ്ടാം നില | 137.64 ച.മീ |
| ആകെ | 509.24 ച.മീ |

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട വസ്തു നികുതി ഇപ്രകാരമാണ്.

എ) ബേസ്മെന്റ് നില-108.56 ച.മീ.

നിയമാനുസൃതമല്ലാത്ത കെട്ടിടമായതിനാൽ അടിസ്ഥാന വസ്തു നികുതി നിരക്ക് നിയമാനുസൃത

വസ്തുനികുതിയുടെ 60 രൂപ/ച.മീ.) മൂന്നിരട്ടി (180 രൂപ ച.മീ. നിരക്കിൽ ഈടാക്കേണ്ടതാണ്.) ആയത് പ്രകാരം ഈടാക്കേണ്ട വസ്തു നികുതി ഇപ്രകാരമാണ്.

| | |
|---|---|
| കെട്ടിടത്തിന്റെ ഉപയോഗം | വാണിജ്യം |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 180/- രൂപ |
| വഴി സൗകര്യം വർദ്ധനവ് | 20% |
| ഈടാക്കേണ്ട വസ്തു നികുതി | 108.56x180x1.2=23449/ |
| ലൈബ്രറി സെസ്- 5% | 1172/- |
| ആകെ | 24621/- |

ബി) രണ്ടാം നില- 137.64ച.മി

ഉപയോഗക്രമം -ഷോപ്പ്.

നിയമാനുസൃതമല്ലാത്ത കെട്ടിടമായതിനാൽ നിയമാനുസൃത വസ്തുനികുതിയുടെ മൂന്നിരട്ടി ഈടാക്കേണ്ടതാണ്. ആയത് പ്രകാരം ഈടാക്കേണ്ട വസ്തു നികുതി ഇപ്രകാരമാണ്.

| | |
|---|---|
| കെട്ടിടത്തിന്റെ ഉപയോഗം | വാണിജ്യം |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 180/- രൂപ |
| വഴി സൗകര്യം വർദ്ധനവ് | 20% |
| കുറഞ്ഞതരം മേൽക്കൂര -ഇളവ് | 10.00% |
| ഈടാക്കേണ്ട വസ്തു നികുതി | 137.64x180x1.1=27253/ |
| നില-ഇളവ്-10 % | 2725/- |
| നില-ഇളവ് കഴിച്ചുള്ള വസ്തു നികുതി | 24528/- |
| ലൈബ്രറി സെസ്- 5% | 1226/- |
| ആകെ | 25754/- |

| | |
|---|---|
| എ+ബി | 50375/- |

പഞ്ചായത്തിൽ ഭാഗീക പൂർത്തീകരണപ്ലാൻ സമർപ്പിച്ച 19/10/2015 മുതൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് 50375/- രൂപ നിരക്കിൽ വസ്തുനികുതി ഈക്കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. മാത്രമല്ല കാലാകാലങ്ങളിലെ കുടിശ്ശിക ചുവടെ പറയും വിധം ഈടാക്കേണ്ടതാണ്.

| ക്രമനം | കുടിശ്ശിക ഈടാക്കേണ്ട കാലയളവ് | തുക |
|---|---|---|
| 1 | 2015-16 | 50375 |
| 2 | 2016-17 | 50375 |
| 3 | 2017-18 | 50375 |
| | ആകെ | 151125/-രൂപ |

മേൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് -2015-16 ലെ റിപ്പോർട്ടിൽ അപാകതകൾ പരാമർശിച്ചുവെങ്കിലും യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചില്ല എന്ന വസ്തുതയും ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തുന്നു.

2) ശ്രീമതി ഹബീബ പടിഞ്ഞാറേയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടം.കെട്ടിട നമ്പർ-12/364 A മുതൽ A10 വരെ.

കെട്ടിട പെർമ്മിറ്റ് -നം.ബി.പി-9/2012-തിയ്യതി 20.06.2012. തറ വിസ്തീർണ്ണം 740.77 ച.മീ.

16.01.2014 തീയതിയിലെ പൂർത്തീകരണപ്ളാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം.

| | |
|---|---|
| തറ നില | 219.04 ച.മീ |
| ഒന്നാം നില | 248.02 ച.മീ |
| രണ്ടാം നില | 248.02 ച.മീ |
| സ്റ്റെയർ മുറി | 25.69 ച.മീ |
| ആകെ | 740.77 ച.മീ |

സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു

കെട്ടിടത്തിന്റെ ഇടത് ഭാഗത്ത് എ.കെ. റോഡിന്റെ വശത്ത് പൂർത്തീകരണ പ്ലാനിൽ മൂന്ന് വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലമായി കാണിച്ച സ്ഥലത്ത് ( റോഡിൽ നിന്ന് 70സെ.മീ. മാത്രം അകലം പാലിച്ച്) ഒരു നിയമാനുസൃതമല്ലാതെ കെട്ടിടം പണിതിട്ടുണ്ട്. ആയതിനാൽ ഈ ഭാഗത്ത് വാഹനം പാർക്ക് ചെയ്യാൻ സാധിക്കുകയില്ല. ആയതിന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235.എ.എ പ്രകാരം കെട്ടിടം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ പൊളിച്ചു മാറ്റുന്ന തിയ്യതി വരെ

പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയുടെ മൂന്നിരട്ടി ഈടാക്കേണ്ടതുമാണ്.

3)ശ്രീ. വി.പി ഷറഫുദ്ദീൻ,വെളുത്ത പറമ്പത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യം -കം- ഡൈനിംഗ് ഹാൾ(അസംബ്ലി കെട്ടിടം)-കെട്ടിട നമ്പർ-15/A മുതൽ N വരെ.

കെട്ടിട പെർമ്മിറ്റ് -നം.ബി.പി-132/2015-തിയ്യതി 28.01.2016.
തറവിസ്തീർണ്ണം – 1324.52 ച.മീ.

| | |
|---|---|
| ബേസ്മെന്റിന് താഴെ | 120.01 ച.മീ |
| ബേസ് മെന്റ് നില | 921.84 ച.മീ |
| തറനില | 265.84 ച.മീ |
| സ്റ്റെയർ മുറി | 16.83 ച.മീ |
| ആകെ | 1324.52 ച.മീ |

എന്നാൽ 16.01.2018 തീയതിയിലെ ആദ്യം സമർപ്പിച്ച ഭാഗികപൂർത്തീകരണപ്ളാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബേസ് മെന്റ് നില | 243.39 ച.മീ |
| തറ നില | 289.02 ച.മീ |
| ആകെ | 532.41 ച.മീ |

ആയതിന് നൽകിയ കെട്ടിട നമ്പറുകൾ 5/157-A മുതൽ M വരെ.

16.05.2018 തീയതിയിലെ രണ്ടാമത് സമർപ്പിച്ച ഭാഗികപൂർത്തീകരണപ്ളാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം.

ബേസ് മെന്റ് നില-854.04 ച.മീ.

ആയതിന് നൽകിയ കെട്ടിട നമ്പർ 5/157-N

സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

I) നിയമാനുസൃതമല്ലാത്ത നിർമ്മാണ പ്രവർത്തികൾ

എ) പൂർത്തീകരണ പ്ലാനിൽ ഡോർമിറ്ററി കം ഡൈനിംഗ് ഹാൾ ആയി കാണിച്ച വി.പി.എസ്. ഓഡിറ്റോറിയത്തിന്റെ പാർക്കിംഗ് സ്ഥലത്ത്( 17 പാർക്കിംഗ് യൂണിറ്റുകൾ ഒരുക്കിയതായി കാണിച്ചിട്ടുള്ള സ്ഥലത്ത്) 21.6 മീ.x25 മീ.(540 ച.മി.) ചതുരശ്ര വിസ്തീർണ്ണത്തിൽ ഒരു അനധികൃതമായ കെട്ടിടം( കട്ട കൊണ്ട് ചുമർ കെട്ടി ഷീറ്റിട്ടത്) പണിതതായി കണ്ടു. ആയതിന് ഈടാക്കേണ്ട വസ്തു നികുതി ഇപ്രകാരമാണ്

| കെട്ടിടത്തിന്റെ ഉപയോഗം | അസംബ്ളി കെട്ടിടം |
|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 90 (30x3) |

| | |
|---|---|
| വഴി സൗകര്യം വർദ്ധനവ് | 20% |
| കുറഞ്ഞതരം മേൽക്കൂര -ഇളവ് | 10.00% |
| ഈടാക്കേണ്ട വസ്തു നികുതി | 540x90x<br>1.1=53460/- |
| ലൈബ്രറി സെസ്- 5% | 2673/- |
| ആകെ | 56133/- |

ബി) കെട്ടിടത്തിന്റെ മുൻഭാഗത്ത് (കമ്പളക്കാട് -കണിയാമ്പറ്റ റോഡിനോട് ചേർന്ന ഭാഗത്ത്) പൂർത്തീകരണ പ്ലാനിൽ കാണിക്കാത്ത താഴെപ്പറയുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

i) 3.2 mx15.10m ( 48.32 ച.മീ.)വിസ്തൃതിയിലുള്ള റസ്റ്റോറൻറിന്റെ ഭാഗമായ കെട്ടിടം.

ii)5m x6.35 m(31.75 ച.മീ.) വിസ്തൃതിയിലുള്ള റസ്റ്റോറൻറിന്റെ ഭാഗമായ കെട്ടിടം.

ആകെ തറ വിസ്തീർണ്ണം=80.07 ച.മി.

ആയതിന് ഈടാക്കേണ്ട വസ്തു നികുതി ഇപ്രകാരമാണ്

| | |
|---|---|
| കെട്ടിടത്തിന്റെ ഉപയോഗം | വാണിജ്യം |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 180 (60x3) |
| വഴി സൗകര്യം വർദ്ധനവ് | 20% |
| ഈടാക്കേണ്ട വസ്തു നികുതി | 80.07x 180x1.2=17295/- |
| ലൈബ്രറി സെസ്- 5% | 865/- |
| ആകെ | 18160/- |
| എ+ബി | 74293/- |

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് 74293/- രൂപ രണ്ടാമത് പൂർത്തീകരണ പ്ലാൻ സമർപ്പിച്ച 16.05.2018 മുതൽ ഈടാക്കേണ്ടതാണ്. ആയത് ഈക്കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

സ്ഥല പരിശോധനയിൽ പ്ലോട്ടിൽ ഒരുക്കിയ പാർക്കിംഗ് സ്ഥലത്തിന്റെ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തി.വിശദാംശം ഇപ്രകാരമാണ്.

ll)കെട്ടിടത്തിന്റെ മുൻഭാഗത്തുള്ള പാർക്കിംഗ് സ്ഥലം ഇപ്രകാരമാണ്.

1)3m x6.35 m വിസ്തൃതി( ഒരു പാർക്കിംഗ് യൂണിറ്റ്)

2)15.6mx4.9m വിസ്തൃതി((ഡ്രൈവ് വേ 3.6 മീ. അടക്കം- 2 പാർക്കിംഗ് യൂണിറ്റ്)

3)4mx 6.9 m വിസ്തൃതി( ഒരു പാർക്കിംഗ് യൂണിറ്റ്)

4)4.4 mx6.9 m വിസ്തൃതി(ഒരു പാർക്കിംഗ് യൂണിറ്റ്)

പൂർത്തീകരണ പ്ലാനിൽ 8 പാർക്കിംഗ് യൂണിറ്റുകൾ കാണിച്ച സ്ഥലത്ത് നിലവിൽ 5 പാർക്കിംഗ് യൂണിറ്റുകളേ ലഭ്യമായിട്ടുള്ളൂ.

4) അബ്ദുൾ സമദ് ഇളമ്പിലായി ൽ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യകെട്ടിടം-15/46-A മുതൽ F വരെ( കമ്പളക്കാട് പോലീസ് സ്റ്റേഷനു സമീപം)

കെട്ടിട പെർമ്മിറ്റ് -നം. A3-BA (78564)/2017തിയ്യതി 08/12/2017. ആകെ തറ വിസ്തീർണ്ണം 235.18. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തറനില | 120.72 ച.മീ |
| ഒന്നാം നില | 114.46 ച.മീ |
| ആകെ | 235.18 ച.മീ |

എന്നാൽ 13.06.2018 തീയതിയിൽ സമർപ്പിച്ച പൂർത്തീകരണപ്ളാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം.

| | |
|---|---|
| തറനില | 128.39 ച.മീ |
| ഒന്നാം നില | 122.11 ച.മീ |
| ആകെ | 239.58 ച.മീ |

സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

പൂർത്തീകരണ പ്ലാനിൽ കെട്ടിടത്തിന്റെ പുറക് വശത്ത് പാർക്കിംഗ് ആയി കാണിച്ച സ്ഥലത്തും (ഒരു പാർക്കിംഗ് യൂണിറ്റ് ) അതിനു പുറകിലും തറ നിലയോട് ചേർന്ന് 18.30 mX 16.60 m(303.78 ച.മി.) ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ ഒരു നിയമാനുസൃതമല്ലാതെ കെട്ടിടം പണിതിട്ടുണ്ട്.( സിമെന്റ് കട്ടകൊണ്ട് കെട്ടി ഷീറ്റിട്ട മേൽക്കൂര).

| | |
|---|---|
| കെട്ടിടത്തിന്റെ ഉപയോഗം | വാണിജ്യം |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 180 (60x3) |
| വഴി സൗകര്യം വർദ്ധനവ് | 20% |
| കുറഞ്ഞതരം മേൽക്കൂര -ഇളവ് | 10.00% |

| | |
|---|---|
| ഈടാക്കേണ്ട വസ്തു നികുതി | 303.78x 180x1.1=60148/- |
| ലൈബ്രറി സെസ്- 5% | 3007/- |
| ആകെ | 63155/- |

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് 63155/- രൂപ പൂർത്തീകരണപ്ളാൻ സമർപ്പിച്ച 13.06.2018 മുതൽ ഈടാക്കേണ്ടതാണ്. ആയത് ഈക്കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

5) ശ്രീ.സലീം മങ്ങാട്ടുപറമ്പൻ മുതൽപ്പേരുടെ ഉടമസ്ഥതയിലുള്ള വാണിജ്യകെട്ടിടം-കെട്ടിട നം.12/862-A മുതൽ Z വരെയും A1 മുതൽ -A2 വരെയും (കമ്പളക്കാട്-പള്ളിക്കുന്ന് റോഡിൽ)

കെട്ടിട പെർമ്മിറ്റ് -നം.എ3-36/2015-തിയ്യതി 07.07.15. കണക്കാക്കിയ തറ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബേസ് മെന്റ് നില | 246.39 ച.മീ |
| തറ നില | 244.14 ച.മീ |
| ഒന്നാം നില | 272.31 ച.മീ |
| സ്റ്റെയർ മുറി-1 | 12.48 ച.മീ |
| സ്റ്റെയർ മുറി-2 | 13.44 ച.മീ |
| ആകെ | 788.76 ച.മീ |

21.11.2016 തീയതിയിൽ പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണപ്ളാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം 524.82 ച.മീ ആണെങ്കിലും 390.96 ച.മീ. തറ വിസ്തീർണ്ണത്തിനാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| | |
|---|---|
| ബേസ് മെന്റ് നില | 236.52 ച.മീ |
| തറ നില | 262.80 ച.മീ |
| സ്റ്റെയർ മുറി-1 | 12.50 ച.മീ |
| സ്റ്റെയർ മുറി-2 | 13.00 ച.മീ |
| ആകെ | 524.82 ച.മീ |

(എന്നാൽ ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം തറ വിസ്തീർണ്ണം-629.62 ച.മീ)

സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

ഭാഗിക പൂർത്തീകരണപ്ലാനിൽ കെട്ടിടത്തിന്റെ പുറക് വശത്തായി 8 കാർ പാർക്കിംഗ് യൂണിറ്റ് ഉള്ളതായി കാണിച്ച സ്ഥലത്തേക്കുള്ള പ്രവേശന മാർഗ്ഗം കാട് പിടിച്ചു കിടക്കുകയാണ്. തുടർന്നു വരുന്ന പാർക്കിംഗ് സ്ഥലം വലിയ ഗർത്തമാണ്. അവിടെ നിലവിൽ വാഹനം പാർക്ക് ചെയ്യാൻ സാധിക്കുകയില്ല. നിലവിൽ വാഹനം പാർക്ക് ചെയ്യുന്നത് പൊതു റോഡരികിലെ സ്ലാബിട്ട അഴുക്ക് ചാലിന് പുറത്താണ് . ഈ കെട്ടിടത്തിന് നിയമാനുസൃതമായ പാർക്കിംഗ് നിലവിൽ ലഭ്യമല്ലാത്തതിനാൽ ഈ കെട്ടിടത്തിനെതിരെ 2018 ലെ കേരളപഞ്ചായത്ത് രാജ് അനധികൃതകെട്ടിട നിർമ്മാണം ക്രമവത്ക്കരണ നിയമപ്രകാരവും 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരവും നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6) പ്രസിഡന്റ് ,അൻസാറുൾ ഇസ്ലാം സംഘം എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം-17/457-A മുതൽ Zവരെയും A1 മുതൽ A2വരെയും

കെട്ടിട പെർമ്മിറ്റ് -നം.69/2016-17-തിയ്യതി 05.07.2016. തറവിസ്തീർണ്ണം കണക്കാക്കിയത് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| തറ നില | 234.18 ച.മീ |
| ഒന്നാം നില | 98.01 ച.മീ |
| രണ്ടാം നില | 27.72 ച.മീ |
| ആകെ | 359.91ച.മീ |

എന്നാൽ 11.10.2017 തീയതിയിൽ പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണപ്ളാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം 444.31 ച.മീ . വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| തറ നില | 210.71 ച.മീ |
| ഒന്നാം നില | 206.71 ച.മീ |
| രണ്ടാം നില | 26.89 ച.മീ |
| ആകെ | 444.31ച.മീ |

സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

കെട്ടിടത്തിന്റെ മുൻഭാഗത്ത് പാർക്കിംഗ് ആയി കാണിച്ച സ്ഥലത്ത് രണ്ട് നിയമാനുസൃതമല്ലാതെ നിർമ്മാണ പ്രവർത്തികൾ നടന്നിട്ടുള്ളതിനാൽ അവിടെ വാഹനം പാർക്ക് ചെയ്യാൻ സാധിക്കുകയില്ല.

1)4 m x4.90 m വിസ്തൃതിയിലുള്ള കെട്ടിടം.(19.6 ച.മീ.)

2) 3.95m x2.3m( ശരാശരി വീതി)വിസ്തൃതിയിലുള്ള കെട്ടിടം( 9.085 ച.മീ.)

ആകെ-28.685 ച.മീ.

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| | |
|---|---|
| കെട്ടിടത്തിന്റെ ഉപയോഗം | വാണിജ്യം |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 180 (60x3) |
| വഴി സൗകര്യം വർദ്ധനവ് | 20% |
| ഈടാക്കേണ്ട വസ്തു നികുതി | 28.685x 180x1.2=6196/- |
| ലൈബ്രറി സെസ്- 5% | 310/- |
| ആകെ | 6506/- |

നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് 6506/- രൂപ പഞ്ചായത്തിൽ പൂർത്തീകരണപ്ളാൻ സമർപ്പിച്ച 11.10.2017 മുതൽ ഈടാക്കേണ്ടതാണ്. ആയത് ഈക്കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിയമാനുസൃതമല്ലാതെ നിർമ്മാണ പ്രവർത്തികൾ നടത്തിയതു കാരണം നിലവിൽ റോഡരികിൽ നിന്നും കെട്ടിടത്തിലേക്കുള്ള അകലം കേവലം 1.65 മീറ്റർ( ശരാശരി) മാത്രമാണ്. കൂടാതെ പൂർത്തീകരണ പ്ലാനിൽ കാണിക്കാത്ത ട്രസ്സ് വർക്കിന് വേണ്ടി കെട്ടിടത്തിന്റെ മുൻഭാഗത്ത് പ്ളോട്ടിന്റെ അതിരിൽ രണ്ട് പില്ലർ സ്ഥാപിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 17/17-18/23.01.19 ന് മറുപടി ലഭ്യമാക്കിയില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച ഈ അനധികൃത കെട്ടിടങ്ങൾക്കെതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ അധ്യായം 3 ,22 എന്നിവ പ്രകാരം നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും പരിശോധന നടത്തി അനധികൃത നിർമ്മാണ പ്രവർത്തങ്ങൾ നടന്നിട്ടുണ്ടെങ്കിൽ നിയമാനുസൃത നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടും നടപടി സ്വീകരിക്കാത്ത ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടിയെടുത്തതിന്റെ വിശദാംശവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രോജക്ടുകൾ നടപ്പിലാക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വരദൂർ പി.എച്ച്.സി. - യിലെ മെഡിക്കൽ ഓഫീസർ 4 പ്രോജക്ടുകളിലായി ആകെ 11,31,302/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റെയും ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും വരവ് ചെലവുകൾ പ്രത്യേകം 7A ക്യാഷ് ബുക്കിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ എഴുതി സൂക്ഷിച്ചിട്ടുള്ളത്. 12.04.2006 - ലെ ജി.ഒ. (പി) നം. 177/2006/ധനം ഉത്തരവിലെ ഖണ്ഡിക 18.3 അനുസരിച്ച് ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവുകൾ ഒരു 7A ക്യാഷ് ബുക്കിലാണ് രേഖപ്പെടുത്തേണ്ടത്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വിവരങ്ങൾ അനക്സർ ബി IV ഫോറത്തിലുള്ള സബ്സിഡറി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം. എസ്.0027/18, വരദൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും ലഭ്യമാക്കൽ എന്ന പ്രോജക്ടിൽ അടങ്കൽ 150000/- (8000/- തനത് ഫണ്ട്, 142000/- സംരക്ഷണ ഗ്രാൻറ് ) എൽസോൾ പവർ സോല്യൂഷൻ എന്ന സ്ഥാപനത്തിൽ ടെണ്ടർ മുഖേനെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 101244/-രൂപയാണ്. എന്നാൽ 28.03.2018 - ലെ ട്രഷറി ബിൽ നം. 11/2017-18 പ്രകാരം 102900/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയതിനാൽ 1,656/-രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

19.01.2019 - ലെഓഡിറ്റ് എൻക്വയറി നം. 08/2017-18 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം 1,686/-രൂപ തുക നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-2 വിനിയോഗ വിവരം ലഭ്യമാക്കാത്ത പദ്ധതികൾ- തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി/ അസി.സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ വിവരിച്ചിട്ടുള്ള പദ്ധതികൾ പ്രകാരം വിവിധ ഏജൻസികൾ/ വകുപ്പുകൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല. പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് | ബിൽ നം/ തിയ്യതി | തുക നൽകിയ ഏജൻസി |
|---|---|---|---|---|---|
| 1 | സർവ്വ ശിക്ഷാ അഭിയാൻ വിഹിതം നൽകൽ | 10,00,000 | 10,00,000 | 7/17-18/ 30.6.17 | എസ്.എസ്.എ |

| | | | | | |
|---|---|---|---|---|---|
| | (S-2/18) | | | | |
| 2 | കണിയാമ്പറ്റ ഗവ: യു.പി.സ്കൂൾ കെട്ടിട നിർമ്മാണം-എസ്.എസ്.എ വിഹിതം നൽകൽ | 10,00,000 | 10,00,000 | 20/17-18/ 06.1.18 | എസ്.എസ്.എ |
| 3 | സർവ്വ ശിക്ഷാ അഭിയാൻ വിഹിതം നൽകൽ ടി.എസ്.പി (S-33/18) | 500000 | 500000 | 1/17-18/ 26.7.17 | എസ്.എസ്.എ |
| 4 | സർവ്വ ശിക്ഷാ അഭിയാൻ വിഹിതം നൽകൽ എസ്.സി.പി (S-31/18) | 45000 | 45000 | 2/17-18/ 26.7.17 | എസ്.എസ്.എ |
| 5 | ഐ.കെ.എം ന് വിഹിതം നൽകൽ | 1,00,000 | 1,00,000 | 11/17-18/ 27.7.17 | ഐ.കെ.എം |
| 6 | പി.എം.എ.വൈ വിഹിതം നൽകൽ | 80,000 | 80,000 | 10/17-18/ 27.7.17 | പനമരം ബ്ലോക്ക് പഞ്ചായത്ത് |
| 7 | എടക്കൊമ്പം കുടിവെള്ള പദ്ധതി(S-304/18) | 2,00,000 | 2,00,000 | 29/17-18/ 21.2.18 | കേരള വാട്ടർ അതോറിറ്റി |
| 8 | എടക്കൊമ്പം കുടിവെള്ള പദ്ധതി പൂർത്തീകരണം(S-332/18) | 60,000 | 60,000 | 42/17-18/ 28.3.18 | കേരള വാട്ടർ അതോറിറ്റി |
| 9 | ചിറ്റൂർ പുഴങ്കുനി ശുദ്ധജല വിതരണ പദ്ധതി(S-234/18) | 3,00,000 | 3,00,000 | 30/17-18/ 27.2.18 | കേരള വാട്ടർ അതോറിറ്റി |
| 10 | ചിറ്റൂർ പുഴങ്കുനി ശുദ്ധജല വിതരണ പദ്ധതി(S-330/18) | 6,80,000 | 6,80,000 | 43/17-18/ 28.3.18 | കേരള വാട്ടർ അതോറിറ്റി |
| 11 | കോട്ടേക്കാരൻ കുടിവെള്ള വിതരണ പദ്ധതി(S-292/18) | 1,50,000 | 1,50,000 | 31/17-18/ 28.2.18 | കേരള വാട്ടർ അതോറിറ്റി |
| 12 | കോട്ടേക്കാരൻ കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരണം (S-333/18) | 3,54,023 | 3,54,023 | 1).45/17-18/ 28.3.18-3,10,692/-<br>2)46/ 17-18/ 28.3.18-16,624/- | കേരള വാട്ടർ അതോറിറ്റി |

| | | | | | |
|---|---|---|---|---|---|
| | | | | 3).44/17-18 /28.3.18- 26,707/- | |
| 13 | പുളിക്കൽക്കുന്ന് കുടിവെള്ള വിതരണ പദ്ധതി(S-303/18) | 4,00,000 | 4,00,000 | 28/17-18/27.2.18 | കേരള വാട്ടർ അതോറിറ്റി |
| 14 | പുളിക്കൽക്കുന്ന് കുടിവെള്ള വിതരണ പദ്ധതി(S-331/18) | 3,00,000 | 3,00,000 | 40/17-18/22.3.18 | കേരള വാട്ടർ അതോറിറ്റി |
| | | | 51,69,023 | | |

കുടിവെള്ള പദ്ധതികൾക്കായി (ഡെപ്പോസിറ്റ് പ്രവൃത്തികൾ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നില്ല. വാട്ടർ അതോറിറ്റിയുടെ കത്ത് പ്രകാരം തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതികളുടെ വിനിയോഗം/ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 5169023 രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

## 3-3 ജൂബിലി ഭവനം- ലോൺ തിരിച്ചടവ് പരിശോധിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ജൂബിലി ഭവന പദ്ധതിക്കായി ലോണെടുക്കുകയും ഓരോ വർഷവും ലോൺ തിരിച്ചടവിനായി തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തിരിച്ചടവ് വിവരം രേഖപ്പെടുത്തുന്ന ലോൺ രജിസ്റ്ററിൽ ബാങ്കിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം തുക അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. 2017-18 വർഷം 50,00,000രൂപ അടച്ചിട്ടുണ്ട്. 2016 വർഷത്തിൽ ലോൺ തിരിച്ചടവ് തുക മൂന്ന് മാസത്തിലധികം കഴിഞ്ഞാണ് ബാങ്ക് വരവിലെടുത്തത്. ഈ തുകയുടെ അടവ് കണക്കാക്കാതെ ഈ തുകയുടെ പലിശ കൂട്ടി ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇപ്രകാരം ലോൺ തിരിച്ചടവ് വിശദമായി പരിശോധിക്കാത്തതിനാൽ പഞ്ചായത്തിന് പദ്ധതി തുക അധികം ചെലവഴിക്കാനിടയായിട്ടുണ്ട്. ലോൺ അടവ് വിവരം കൃത്യമായി കണക്കാക്കി അടവ് വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് പരിപാലനം - സ്ഥാപിച്ചതിനേക്കൾ കൂടുതൽ വിളക്കുകൾ വാങ്ങിയതിന് തുക നൽകി.

തെരുവ് വിളക്ക് റിപ്പയർ ചെയ്ത് മാറ്റി സ്ഥാപിക്കുന്നതിനും പുതിയ എൽ. ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പുറപ്പെടുവിച്ചിട്ടുള്ള 15.09.2011ലെ സർക്കുലർ നം.3055/ഡി.എ3/2011/ ത.സ്വ.ഭ.വ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ കണ്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിലവിലുള്ള തെരുവ് വിളക്കുകളിൽ പ്രവർത്തന രഹിതമായവ റിപ്പയർ ചെയ്യലും മാറ്റി സ്ഥാപിക്കലുമാണ് പദ്ധതിയുടെ ഉദ്ദേശ്യം. പദ്ധതിയുടെ

വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം - S-26/18

പ്രോജക്റ്റിന്റെ പേര് - തെരുവ് വിളക്കുകളുടെ പരിപാലനം

അടങ്കൽ - 4,00,000/- രൂപ

ചെലവ് - 3,99,000/- രൂപ

ബിൽ നം/തിയ്യതി - 48/17-18/28.03.18

ത.സ്വ.ഭ.വകുപ്പിന്റെ 15.09.2011ലെ സർക്കുലർ നം.3055/ഡി.എ3/2011/ ത.സ്വ.ഭ.വ പ്രകാരം ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസുള്ള കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ 22.1.18 ലെ 4/18(1) ഭരണ സമിതി തീരുമാനം പ്രകാരം അംഗീകരിച്ചു. പ്രവർത്തന രഹിതമായ വിളക്കുകൾ മാറ്റി സ്ഥാപിച്ചതായി കരാറുകാരൻ അറിയിക്കുകയും സാധനങ്ങൾ വാങ്ങിയ ബിൽ സമർപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ 190 വിളക്കുകൾ 2,100 രൂപ നിരക്കിൽ വാങ്ങിയതിന്റെ ബിൽ തുക 3,99,000/- രൂപ കരാറുകാരന് അനുവദിച്ചു. മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ കണക്ക് പ്രകാരം 183 വിളക്കുകൾ മാത്രമാണ് സ്ഥാപിച്ചതായി കരാറുകാരൻ അറിയിച്ചിട്ടുണ്ടെങ്കിലും ഇതിൽ 131 വിളക്കുകൾ സ്ഥാപിച്ചതിന്റെ വൈദ്യുതി പോസ്റ്റ് നമ്പറുകളുടെ വിവരം മാത്രമാണ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത്. വിളക്കുകൾ സ്ഥാപിച്ചത് കെ.എസ്.ഇ.ബി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാർഡ് തല തെരുവ് വിളക്ക് പരിപാലന സമിതി രൂപീകരിച്ച് വിളക്കുകൾ സ്ഥാപിച്ചത് മോണിട്ടർ ചെയ്തിട്ടില്ല. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല. മാത്രമല്ല, കേടായ ഉപകരണങ്ങൾ എന്ത് ചെയ്തുവെന്നതിനുള്ള രേഖയില്ല.

59 വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖയില്ലാത്തതിനാൽ 1,23,900 രൂപ നിരാകരിക്കുന്നു.

2. പ്രോജക്റ്റ് നം - S-306/18

പ്രോജക്റ്റിന്റെ പേര് - തെരുവ് വിളക്കുകളുടെ പരിപാലനം

അടങ്കൽ - 7,21,000/-

ചെലവ് - 5,72,756/-

ബിൽ നം/തിയ്യതി - 33/17-18/28.02.18

നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി എൽ. ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി 40,24 വാട്സിന്റെ എൽ.ഇ.ഡി തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിക്കുകയും കിംഗ്സ് ഇലക്ട്രിക്കൽ എന്ന സ്ഥാപനത്തിന് ടെണ്ടർ അനുവദിക്കുകയും ചെയ്തു (പഞ്ചായത്ത് ഭരണ സമിതിയുടെ 20.12.17 ലെ 1/2 നം തീരുമാനം). 40 വാട്സിന്റെ 130 എണ്ണം 3036/- രൂപ നിരക്കിലും 24 വാട്സിന്റെ 54 എണ്ണം 2313/- രൂപ നിരക്കിലും വാങ്ങി സ്ഥാപിച്ചതിന് ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ 5,72,756/- രൂപ നൽകി. ത.സ്വ.ഭ.വകുപ്പിന്റെ 15.09.2011 ലെ 3035/ഡി.എ3/2011 സർക്കുലർ

താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. തെരുവ് വിളക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം ത.സ്വ.ഭ.സ്ഥാപനത്തിലെ യും കെ.എസ്.ഇ.ബിയിലെ ഉദ്യോഗസ്ഥനും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇവ സംബന്ധിച്ച് ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിച്ചിട്ടില്ല.
2. കരാർ ലഭിക്കുന്നയാൾ ആകെ കരാർ തുകയുടെ 10% സെക്യൂരിറ്റി നിക്ഷേപം ആയി നൽകേണ്ടതാണ്. എന്നാൽ സെക്യൂരിറ്റി നിക്ഷേപമായി 28,750 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ ( രസീത് നം. 117040105978 തിയ്യതി 11.01.18).
3. സ്ഥാപിക്കപ്പെടുന്ന വിളക്കുകൾ പ്രവർത്തനക്ഷമമാമണോയെന്ന് ഗ്രാമ പഞ്ചായത്ത്, കെ.എസ്.ഇ.ബി. അധികൃതരും കരാറുകാരനും സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ബിൽ പ്രകാരം 184 എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി. എന്നാൽ 169 എണ്ണം സ്ഥാപിച്ചതിന്റെ വിവരം മാത്രമേ മോണിട്ടർ ചെയ്തിട്ടുള്ളൂ. 15 ലൈറ്റുകൾ സ്ഥാപിക്കാത്തതിനാൽ ഇതിന്റെ തുക (6x 3036, 9x2313) 39033 രൂപ അധികം നൽകിയിട്ടുണ്ട്.

മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/17-18/23.01.2019 ന് മറുപടി നൽകിയിട്ടില്ല.

അധികമായി വാങ്ങിയ സാധനങ്ങളുടെ വില 162933/- (123900+39033) രൂപ നിരാകരിക്കുന്നു.

## 3-5 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ വിഹിതം നൽകിയില്ല.

| | |
|---|---|
| ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 09/17 |
| അടങ്കൽ<br>വികസന ഫണ്ട് ജനറൽ- 3,00000/-<br>ബ്ലോക്ക് വിഹിതം -1,00000/- | 4,00000/- |
| ചെലവ്<br>ബിൽ-17/17-18തീയതി 24.03.18 | 3,00,000/- |

സ.ഉ(എം.എസ്) 80/2017/ തസ്വഭവ ഖണ്ഡിക 10.3 - ലെ കുറിപ്പ് പ്രകാരം ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ ബത്ത നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ തുക വകയിരുത്തേണ്ടതാണ്.

2017-18 വർഷം ഈ പദ്ധതിയിൽ 47 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ആയതിൽ 25 വിദ്യാർത്ഥികൾ മാനസിക വെല്ലുവിളി നേരിടുന്നവരും ബാക്കിയുള്ളവർ ശാരീരികവൈകല്യമുള്ളവരുമാണ്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 10.3 പ്രകാരം മാനസിക

വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് ബത്ത ഇപ്രകാരമാണ്.

| ഇനം | തുക |
|---|---|
| സ്കോളർഷിപ്പ് പ്രതിമാസം | 1000/- |
| വസ്ത്രങ്ങൾക്കുള്ള ബത്ത വാർഷികം | 1500/- |
| പഠന സഹായികൾക്കുള്ള ബത്ത വാർഷികം | 2000/- |
| ഡേ സ്കോളർക്ക് യാത്രബത്ത പ്രതിമാസം | 1,000/- |
| ഉല്ലാസ യാത്ര | 1000/- |
| ആകെ | 28500/- |

എന്നാൽ മേൽ പരാമർശിച്ച പട്ടികയിൽ നിഷ്കർഷിച്ചതിലും വളരെ കുറഞ്ഞ തുകയാണ് വിദ്യാർത്ഥികൾക്ക് നൽകിയത്. ഏതാനും ഉദാ. താഴെ കൊടുക്കുന്നു.

| ക്രമനം | വിദ്യാർത്ഥിയുടെ പേര് | നൽകാവുന്ന തുക | നൽകിയ തുക |
|---|---|---|---|
| 1 | പ്രവീൺ കുമാർ,s/o ബാലൻ,വയൽ കോളനി,അരിമുള-+1 വിദ്യാർത്ഥി-ശ്രീനാരായണ ഹയർസെക്കൻഡറി സ്കൂൾ,പൂതാടി | 28500/- | 8,000/- |
| 2 | അമയ ഡോണി,s/o അന്നമ്മഡോണി,കണ്ണോത്തുമോളയിൽ,കരണി--+2 വിദ്യാർത്ഥിനി-ഗവ. ഹയർസെക്കൻഡറി സ്കൂൾ,പനങ്കണ്ടി | 28500/- | 8000/- |

ഈ പദ്ധതി നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുകയോ വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 1,00000/-രൂപ ലഭ്യമാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ വളരെ തുച്ഛമായ തുക മാത്രമാണ് വളരെയധികം പിൻതുണ ആവശ്യമുള്ള ഈ വിഭാഗത്തിന് ലഭിച്ചിട്ടുള്ളത് . ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 03 /2017-18 /16.01.19 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 3,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 അങ്കണവാടി പോഷകാഹാര വിതരണം-ജനറൽ- വിതരണം ചെയ്തതിലും കൂടുതൽ ഭക്ഷ്യധാന്യത്തിന് തുക നൽകി.

പ്രോജക്ടിൻെറ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 07/17 |
| അടങ്കൽ-പൊതു വിഭാഗം | 15,00000/- രൂപ |
| ചെലവ് | 1500000/- രൂപ<br>1)ബിൽ നം.02/17-18-30.08.17-6,51288/-രൂപ<br>2)ബിൽ നം.03/17-18-24.10.17-3,18,890/-രൂപ<br>3)ബിൽ നം.05/17-18-23.1.17- 5,29,822/--രൂപ<br>ആകെ- 15,00000/-രൂപ |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ:-
അങ്കണവാടികളിൽ വിതരണം ചെയ്തതിലും കൂടുതൽ ഭക്ഷ്യധാന്യത്തിന് തുക നൽകി.

മേൽ പദ്ധതിയിൽ വർണ്ണം സ്റ്റാർ ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങിയ വകയിൽ 6,51,288/ -രൂപ (ഇൻവോയ്സ് നം. 40 തീയതി 20.03.17 ) ചെലവഴിച്ചുവെങ്കിലും ആയതിൽ വളരെ കുറച്ച് ഭക്ഷ്യധാന്യങ്ങളെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കണ്ടുള്ളൂ. ആയതിനാൽ അതിന്റെ കൃത്യത പരിശോധിക്കുന്നതിനായി പഞ്ചായത്തിലെ 33 അങ്കണവാടികളുടെയും സ്റ്റോക്ക് രജിസ്റ്റർ ഐ.സി.ഡി.എസ്-ന്റെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചു . അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്ററിൽ വ്യാപകമായ വെട്ടിതിരുത്തലുകൾ,വൈറ്റ്നർ ഉപയോഗിച്ചുള്ള മായ്ക്കൽ, പെൻസിൽ ഉപയോഗിച്ചുള്ള എൻട്രികൾ, ഓരോ ഇനം ഭക്ഷ്യ വസ്തുവിന്റെയും പ്രതിമാസ വിനിയോഗം സംബന്ധിച്ചുള്ള കണക്ക് എഴുതാതിരിക്കൽ,ഗുണഭോക്താക്കളുടെ എണ്ണത്തിൽ വെട്ടിതിരുത്ത് എന്നിവ ശ്രദ്ധയിൽപ്പെട്ടു. സ്റ്റോക്ക് രജിസ്റ്റർ പല മാസങ്ങളിലും സൂപ്പർവൈസർ പരിശോധിച്ച് ഒപ്പുവെച്ചിട്ടില്ല. മേൽ പരാമർശിച്ച ഇൻവോയ്സ് പ്രകാരം വാങ്ങിയ 9250 കി.ഗ്രാം നുറുക്ക് ഗോതമ്പിൽ(കി.ഗ്രാം-ന് 41/- രൂപ) 8896.745 കി.ഗ്രാം മാത്രമേ അങ്കണവാടികളിൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിട്ടുള്ളൂവെന്ന് കണ്ടു.വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | അങ്കണവാടി സെന്റർ നമ്പർ | സ്റ്റോക്കിലെടുത്ത നുറുക്ക് ഗോതമ്പിന്റെ തൂക്കം(കി.ഗ്രാം) | ക്രമനം | അങ്കണവാടി സെന്റർ നമ്പർ | സ്റ്റോക്കിലെടുത്ത നുറുക്ക് ഗോതമ്പിന്റെ തൂക്കം(കി.ഗ്രാം) |
|---|---|---|---|---|---|
| 1 | 42 | 350 | 17 | 58 | 250 |
| 2 | 43 | 400 | 18 | 59 | 300 |

| | | | | | |
|---|---|---|---|---|---|
| 3 | 44 | 350 | 19 | 60 | 250 |
| 4 | 45 | 200 | 20 | 61 | 200 |
| 5 | 46 | 500 | 21 | 62 | 300 |
| 6 | 47 | 500 | 22 | 63 | 300 |
| 7 | 48 | 300 | 23 | 64 | 250 |
| 8 | 49 | 200 | 24 | 65 | 200 |
| 9 | 50 | 150 | 25 | 66 | 200 |
| 10 | 51 | 200 | 26 | 67 | 150 |
| 11 | 52 | 200 | 27 | 68 | 300 |
| 12 | 53 | 300 | 28 | 69 | 350 |
| 13 | 54 | 300 | 29 | 70 | 250 |
| 14 | 55 | 150 | 30 | 71 | 250 |
| 15 | 56 | 350 | 31 | 72 | 200 |
| 16 | 57 | 196.745 | 32 | 73 | 300 |
| | | | 33 | 74 | 200 |
| | | | ആകെ | | 8896.745 |

ആയതിനാൽ യഥാർത്ഥത്തിൽ വിതരണം ചെയ്തതിലും 353.255 കി.ഗ്രാം കൂടുതൽ നുറുക്ക് ഗോതമ്പിന്റെ വില ബിൽ പ്രകാരം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള

ഓഡിറ്റ് എൻക്വയറി നം. 15 /2017-18 /23.01.19 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 41/- രൂപ നിരക്കിൽ 353.255 കി.ഗ്രാം നുറുക്ക് ഗോതമ്പിന് അധികമായി നൽകിയ തുക 14,483/- രൂപ നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ലൈഫ് മിഷൻ (എസ് .ടി വിഭാഗത്തിലെ വീട്ടുകളുടെ പൂർത്തീകരണം) പദ്ധതി നടത്തിപ്പിൽ ഗുരുതരമായ പാളിച്ചകൾ

ലൈഫ് മിഷൻ - വീടുകളുടെ പൂർത്തീകരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ടി.ഇ.ഒ. |
| പ്രോജക്ട് നം. | 113/17-18 |
| അടങ്കൽ | 1348090/-രൂപ (ടി.എസ്.പി) |
| ചെലവ് | 1348090/-രൂപ |
| ബിൽ.നം. | 1)01/17-18-30.01.18 - 421000/-<br>2) 02/17-18-01.03.<br>18- 294500/-രൂപ<br>3)03/17-18-19.03.18- 6,32,590/-രൂപ<br>ആകെ- 1348090/- രൂപ |
| ഗുണഭോക്താക്കളുടെ എണ്ണം | 14 |

| | |
|---|---|
| പൂർത്തീകരിച്ച വീടുകളുടെ എണ്ണം | 01 |

പദ്ധതികളുടെ നടത്തിപ്പിലെ അപാകങ്ങൾ താഴെപ്പറയുന്നു.

എ) ലൈഫ് മിഷൻ - വീടുകളുടെ പൂർത്തീകരണം പദ്ധതി-മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ലൈഫ് മിഷൻ പദ്ധതിയിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുന്ന വിവിധ വിഭാഗങ്ങളുടെ - വീടുകളുടെ പൂർത്തീകരണം പദ്ധതികളിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1)ജി.ഒ( എം.എസ്) നം. 196/2017/തസ്വഭവ തിയ്യതി 11.10.17 ഖണ്ഡിക IV പ്രകാരം ഗുണഭോക്താക്കളുടെ വീട് അഞ്ച് അംഗ ഉപസമിതി സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് വാർഡ് തല കർമ്മസമിതി അംഗീകരിക്കേണ്ടതുമാണെങ്കിലും അപ്രകാരം ചെയ്തില്ല.

2) മേൽ പരാമർശിച്ച ഉത്തരവ് ഖണ്ഡിക VI പ്രകാരം ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റ് ടി.പി.ടി.എ തയ്യാറാക്കേണ്ടതും ആയത് സ്ഥാപന തല കർമ്മസമിതി അംഗീകരിച്ച് ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതും ആയതിൽ ഭരണ സമിതി അന്തിമ തീരുമാനം കൈകൊള്ളേണ്ടതാണെങ്കിലും അപ്രകാരം ചെയ്തില്ല.

3) ജി.ഒ(എം.എസ്) നം.151/2017/തസ്വഭവ തിയ്യതി 31.07.17 പ്രകാരം അന്തിമ ഗുണഭോക്തൃ പട്ടിക ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെങ്കിലും പ്രസിദ്ധികരിച്ചില്ല.

ജി.ഒ( എം.എസ്) നം. 196/2017/തസ്വഭവ തിയ്യതി 11.10.17 പ്രകാരം രൂപീകരിച്ച ഭവന നികുതി അക്കൗണ്ടിന്റെ വിശദാംശം ( അക്കൗണ്ട് നം.2017-18 കാലയളവിൽ ലഭിച്ച തുക) ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

4)ലൈഫ് മിഷൻ പദ്ധതിയിലേക്ക് ഗുണഭോക്താവിനെ തിരഞ്ഞെടുക്കുമ്പോഴുള്ള വീടിന്റെ അവസ്ഥ( വീടിന്റെ ഫോട്ടോ, ഗുണഭോക്താവിന്റെ അപേക്ഷ, ആയതിൻ മേലുള്ള ടി.ഇ.ഒ യുടെ ശുപാർശ എന്നിവ),സ്റ്റേജ് സർട്ടിഫിക്കറ്റ്,മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 07/2017-18 / 19 .01.2019 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ വർഷം പദ്ധതിക്കായി ചെലവഴിച്ച തുക 13,48,090/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ബി) ഒ.ഡി.എഫ് -ൽ ശൗചിമുറിക്ക് തുക അനുവദിച്ചവർക്ക് ലൈഫ് മിഷൻ പ്രകാരം വീണ്ടും ധനസഹായം നൽകുന്നു.

ഒ.ഡി.എഫ് -ൽ ശൗചിമുറിക്ക് തുക അനുവദിച്ച ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പണിതീരാത്ത വീടുകളുടെ പൂർത്തീകരണ പദ്ധതിയിലും ശൗചിമുറിക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്തി നൽകിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ ലൈഫ് മിഷൻ | ഒ.ഡി.എഫ് -ൽ തുക | ലൈഫ് മിഷനിൽ ശൗചിമുറിക്ക് തുക |
|---|---|---|---|

| | | | |
|---|---|---|---|
| | ഐ.ഡി.നം | അനുവദിച്ചതിന്റെ വിശദാംശം- | ചെലവഴിച്ചതിന്റെ വിവരം(വാല്യൂവേഷൻ പ്രകാരം)(2018-19 ലാണ് പൂർത്തീകരണം) |
| 1 | ദേവകി വേലായുധൻ, മണ്ടകമൂല/10228 | ചെക്ക് നം10996 തിയ്യതി 29.11.16-15,400/-<br>ചെക്ക് നം.11081 തീയതി 10.01.17-9600/- | ക്രമനം-2- തറ-868/-<br>ക്രമനം-4-ലിന്റൽ-366/-<br>ക്രമനം-6-ചുമർ-13301/-<br>ക്രമനം-11-വാതിൽ-2000/-<br>ക്രമനം-13-തേപ്പ്-3242/-<br>ആകെ-19777/- |
| 2 | സുബ്രഹ്മണ്യൻ,കല്ലവയൽ കോളനി/91796 | ചെക്ക് നം10977 തിയ്യതി 30.11.16-15,400/-<br>ചെക്ക് നം.11087 തീയതി 12.01.17-6600/- | ക്രമനം-7-വാതിൽ-2000/-<br>ക്രമനം-8-തേപ്പ്-2042/-<br>ആകെ-4042/- |

ഇറു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 07/2017-18 / 19 .01.2019 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക തെറ്റായ എസ്റ്റിമേറ്റെടുത്ത എം.എൻ.ആർ.ഇ.ജി.എ വിഭാഗത്തിലെ ഓവർസിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) ചെയ്യാത്ത പ്രവർത്തികൾക്ക് തുക നൽകി

ലൈഫ് മിഷൻ (ഭവന പൂർത്തീകരണം) പദ്ധതിയുടെ വ്യക്തിഗത ഫയലിൽ സ്റ്റേജ് സർട്ടിഫിക്കറ്റോ ,മോണിറ്ററിംഗ് റിപ്പോർട്ടോ ലഭ്യമല്ല .ആയതിനാൽ വാല്യവേഷൻ പ്രകാരമുള്ള പ്രവർത്തികൾ ചെയ്തത് പരിശോധിക്കുന്നതിനായി 17.01.19 ന് എതാനും വീടുകളിൽ സ്ഥലപരിശോധന നടത്തി. ആയതിൽ വാല്യവേഷൻ പ്രകാരമുള്ള പ്രവർത്തികൾ ചെയ്യാത്ത വീടുകൾക്കും തുക പൂർണ്ണമായും നൽകിയതായി കണ്ടു. ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/ ലൈഫ് മിഷൻ ഐ.ഡി.നം | ഇ.എം.എസ്/പട്ടിക വർഗ്ഗ ഭവന പദ്ധതിയിൽ നല്കിയ ആനുകൂല്യം | ലൈഫ് മിഷൻ പദ്ധതി വിശദാംശം(2018-19 ലാണ് പൂർത്തീകരണം) |
|---|---|---|---|
| 1 | പ്രേമകുമാരി പി.ആർ ,ജാനകി മന്ദിരം,കണിയാമ്പറ്റ<br>/73509 | പട്ടിക വർഗ്ഗ ഭവന പദ്ധതി-2012-13<br>അനുവദനീയമായ തുക-250000/-<br>നൽകിയ തുക<br>ചെക്ക് നം.597177/ 26.03.12 -37500<br>ചെക്ക് നം.597200/07.05.12 -75000<br>ചെക്ക് നം.597892/06.08.12 -75000<br>ചെക്ക് നം.03235/06.09.13-25000<br>ആകെ - 212500/- | എസ്റ്റിമേറ്റ്-3,40,000/-(മേൽക്കൂര കോൺക്രീറ്റ് മുതൽ)<br>വാല്യവേഷൻ-3,39,800/-<br>വാല്യവേഷനിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന പ്രവർത്തികൾ ചെയ്യിട്ടില്ലെങ്കിലും തുക നൽകി.വിശദാംശം താഴെപ്പറയുന്നു.<br>1)ട്രസ്സ് വർക്ക് ചെയ്യിട്ടില്ല<br>2)അടുക്കള ചിമ്മിണി വാർത്തിട്ടില്ല.<br>3)ശുചിമുറിക്ക് ക്ലോസറ്റ്,കുഴി, പ്ലബിംഗ് എന്നീ പ്രവർത്തികൾ ചെയ്യിട്ടില്ല.<br>4)ജനലിന് ഷട്ടർ പിടിച്ചിട്ടില്ല. |
| 2 | വെളുക്കൻ കൊഴിഞ്ഞങ്ങാട് കോളനി,വാർഡ്-11/56078 | ഇ.എം.എസ് ഭവന പദ്ധതി 2009-10<br>അനുവദനീയമായ തുക-1,25000/-<br>പദ്ധതിയിൽ നൽകിയ തുക-48750/- | എസ്റ്റിമേറ്റ്-6,15000/-.തറ പണി തൊട്ട് ചെയ്യണം.<br>വാല്യവേഷൻ-6,14,800/-<br>വാല്യവേഷൻ |

| | | | |
|---|---|---|---|
| | | ചെക്ക് നം.525829/16.05.11-18750/-<br>ചെക്ക് നം.525053/09.12.11-30000/- | പ്രകാരമുള്ള താഴെപ്പറയുന്ന പ്രവർത്തികൾ ചെയ്തിട്ടില്ല<br>1)വീടിന്റെ വൈദ്യുതീകരണം പൂർത്തിയായിട്ടില്ല.<br>2)വാട്ടർ ടാങ്ക് ഫിറ്റ് ചെയ്തിട്ടില്ല.<br>3)പുകയില്ലാത്ത അടുപ്പ് നിർമ്മിച്ചിട്ടില്ല. |
| 3 | സുബ്രഹ്മണ്യൻ,കല്ലുവയൽ കോളനി/91796 | ഇ.എം.എസ് ഭവന പദ്ധതി 2008-09<br>പദ്ധതിയിൽ നൽകിയ തുക-92000/-<br>(ലൈഫ് മിഷൻ ലിസ്റ്റ് പ്രകാരം)<br>ഭവന രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | എസ്റ്റിമേറ്റ്-2,15,000/-.വരാന്ത, ശുചിമുറി തുടങ്ങിയവ<br>വാല്യവേഷൻ-2,14483/-<br>വാല്യവേഷൻ പ്രകാരമുള്ള താഴെപ്പറയുന്ന പ്രവർത്തികൾ ചെയ്തിട്ടില്ല<br>വീടിനോട് ചേർന്ന് ഒരു ശുചിമുറി നിർമ്മിച്ചതായി കണ്ടു.<br>പുറക് വശത്ത് അടുക്കളയോട് ചേർന്ന് വാതിൽ സ്ഥാപിച്ചിട്ടില്ല. |
| 4 | ദേവകി വേലായുധൻ,മണ്ഡകമൂല കോളനി/10288 | പട്ടിക വർഗ്ഗ ഭവന പദ്ധതി-2008-09<br>പദ്ധതിയിൽ അനുവദനീയമായ തുക- | എസ്റ്റിമേറ്റ്-4,10,000/-ഭിത്തി ,ശുചിമുറി തുടങ്ങിയവ<br>വാല്യവേഷൻ- |

| | | | |
|---|---|---|---|
| | | 1,25,000/-<br>പദ്ധതിയിൽ നൽകിയ തുക-15000/-<br>ചെക്ക് നം.067942 തീയതി 25.02.09-15,000/- | 408941/-<br>വാല്യവേഷൻ പ്രകാരമുള്ള താഴെപ്പറയുന്ന പ്രവർത്തികൾ ചെയ്തിട്ടില്ല.<br>1)ട്രസ്സ് വർക്ക് ചെയ്തിട്ടില്ല.<br>2)ശുചിമുറിയുടെയും പുറകുവശത്തെ ചുമരിന്റെയും പുറം വശം തേച്ചിട്ടില്ല.<br>3)ശുചിമുറിയുടെ ലിന്റൽ വാർത്തതല്ല. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 07/2017-18 / 19 .01.2019 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക തെറ്റായ വാല്യുവേഷൻ എടുത്ത എം.എൻ.ആർ.ഇ.ജി.എ വിഭാഗത്തിലെ ഓവർസിയറിൽ നിന്നും അത് അംഗീകരിച്ച അക്രഡിറ്റഡ് എൻജിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതും തെറ്റായ വാല്യുവേഷൻ എടുത്ത് സർക്കാർ പണത്തിന്റെ ദുർവിനിയോഗത്തിന് ഇടയാക്കിയതിന് ഈ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഡി) കോൺക്രീറ്റ് മേൽക്കൂരക്ക് മുകളിൽ ട്രസ്സ് വർക്ക് ചെയ്യുന്നതിന് തുക ചെലവഴിച്ചു

ഈ പദ്ധതി മുഖേന കോൺക്രീറ്റ് വീട് നിർമ്മിച്ച പല ഗുണഭോക്താക്കളുടെയും കോൺക്രീറ്റ് മേൽക്കൂരക്ക് വീണ്ടും മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് അതിനുമുകളിൽ ഗാൽവനൈസ്ഡ് അയൺ പ്ലെയിൻ ഷീറ്റ് വിരിക്കുന്ന ഇനം ഉൾക്കൊള്ളിക്കുകയും പ്രവൃത്തി ചെയ്തതായും കാണുന്നു. ഏതാനും ഉദാ.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | തുക (2018-19 ൽ പൂർത്തീകരണം) |
|---|---|---|
| 1 | മുറിച്ചി വള്ളിപ്പെറ്റ | 31,624/-രൂപ |
| 2 | ചണ്ണ ചോമാടി കോളനി | 62,128.64/-രൂപ |
| 3 | കെമ്പി ആനകുഴിച്ചാൽ | 50,634.5/-രൂപ |
| 4 | ചന്ദ്രൻ, വള്ളിപ്പെറ്റ | 30,646/-രൂപ |
| 5 | കൊളുവി വള്ളിപ്പെറ്റ | 50,634.5/- രൂപ |
| 6 | വസന്ത മണി | 43,537.8/- രൂപ |

| | | |
|---|---|---|
| 7 | സുബ്രഹ്മണ്യൻ,കല്ലുവയൽ | 68,455.2/- രൂപ |
| 8 | പ്രേമകുമാരി,പള്ളിയറ | 30,636/- രൂപ( പ്രവൃത്തി നടത്താതെ തുക നൽകി) |
| 9 | ഭാസ്കരൻ,ചക്കിയാട്ട് | 35,185/- രൂപ |
| 10 | ചീര കാവലൻ | 44,508/- രൂപ |
| 11 | ദേവകി വേലായുധൻ | 59,431/- രൂപ ( പ്രവൃത്തി നടത്താതെ തുക നൽകി) |
| | ആകെ | 507420.6/- രൂപ |

പുതുതായി നിർമ്മിച്ച കോൺക്രീറ്റ് വീടുകൾക്ക് ട്രസ്സ് വർക്ക് നടത്തുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തി ചെലവഴിച്ചു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 07/2017-18 / 19 .01.2019 ന് മറുപടി ലഭ്യമാക്കിയില്ല. പുതുതായി നിർമ്മിച്ച കോൺക്രീറ്റ് വീടുകൾക്ക് ട്രസ്സ് വർക്ക് നടത്തുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തി ചെലവഴിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക ആവശ്യമില്ലാത്ത എസ്റ്റിമേറ്റെടുത്ത എം.എൻ.ആർ.ഇ.ജി.എ വിഭാഗത്തിലെ ഓവർസിയറിൽ നിന്നും അക്രഡിറ്റഡ് എൻജിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പേ റിവിഷൻ അരിയർ നല്കിയത് - അപാകതകൾ .

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ പേ റിവിഷൻ അരിയർ നല്കിയതിൽ അപാകതകൾ ഉള്ളതായി കാണുന്നു. വിശദവിവരം താഴെക്കൊടുക്കുന്നു.

നിജപ്പെടുത്തിയതിലും അധികശംബളം, എച്ച്. ആർ. എ., എച്ച് .ടി.എ., പി.ടി.എ. എന്നിവ ഉൾക്കൊള്ളിച്ച് അധികതുക കൈപ്പറ്റി.

വൗച്ചർ നം.21700022/12.4.17 - 77,738/- രൂപ.

വൗച്ചർ നം.21700582/29.8.17 - 1,83,401/- രൂപ.

ആകെ - 2,61,139/- രൂപ.

മേൽ വൗച്ചറുകൾ പ്രകാരം ശ്രീ. പി.ഇബ്രാഹിം,സെക്രട്ടറിയുടെ പേ റിവിഷൻ അരിയർ നല്കി.ആകെ കണക്കാക്കിയ അരിയർ തുക 2,26,421/- രൂപയും അതിൻമേൽ (പത്രികപ്രകാരം- 8%) പലിശ 34718/- രൂപയും ചേർന്നതാണ് മേൽ തുക. ടിയാന്റെ കുടിശ്ശിക തുക കണക്കാക്കിയതി ലെ അപാകതകൾ നിമിത്തം അധികച്ചെലവുണ്ടായതിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

എ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.2.2016ലെ എ4- 2010/2015 നടപടിക്രമം മുഖേന ടിയാന്റെ ശംബളം 1.7.14 ൽ 51600/- രൂപയും 1.7.15 ൽ 52800/- രൂപയുമായാണ് നിജപ്പെടുത്തിയിട്ടുള്ളത് . എന്നാൽ അരിയർ കണക്കാക്കിയ പത്രികയിൽ 1.7.14 ൽ 52800/- രൂപയും 1.7.15 ൽ 54000/- രൂപയുമായാണ് എടുത്തിട്ടുള്ളത് ( 1200/- രൂപയുടെ ഒരു ഇൻക്രിമെന്റ് അധികം). അതിനാൽ 24792/- രൂപ അധികം കൈപ്പറ്റി. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | കാലയളവ് | 'ഡ്യൂ'വായി വാങ്ങിയ ശംബളം | 'ഡ്യൂ'വായി അർഹമായ വാങ്ങിയ ശംബളം | അധികം + ഡി.എ. | ആകെ |
|---|---|---|---|---|---|
| 1 | 7/14 – 12/14 | 52800 | 51600 | 1200 | 1200x6= 7200 |
| 2 | 1/15 – 6/15 | 52800 | 51600 | 1200 + 36 =1236 | 1236x6= 7416 |
| 3 | 7/15 – 12/15 | 54000 | 52800 | 1200 +72 =1272 | 1272x6= 7632 |
| 4 | 1/16 | 54000 | 52800 | 1200 +108 =1308 | 1308x1= 1308 |
| 5 | സറണ്ടർ | 52800 | 51600 | 1200 + 36 =1236 | 1236x1= 1236 |
| | | | | | 24792 |

ബി) കൂടാതെ ശംബളപരിഷ്കരണത്തിന്റെ ഭാഗമായി വർദ്ധിപ്പിച്ച എച്ച്. ആർ.എ. ,

എച്ച് .ടി.എ., പി.ടി.എ. തുടങ്ങിയ മറ്റ് ആനുകൂല്യങ്ങൾക്ക് 1.2.16 മുതൽക്കാണ് അർഹത.

എന്നാൽ ഇവയും 7/14 മുതൽ എടുത്തതിനാൽ (2000-460=1540 x 19 + 1470 =) 30730/- രൂപയും അധികം കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം. | കാലയളവ് | 'ഡ്യൂ'വായി വാങ്ങിയ | 'ഡ്യൂ'വായി അർഹമായ | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | എച്ച്. ആർ.എ. ,എച്ച് . ടി.എ., പി.ടി.എ. | വാങ്ങിയ എച്ച്. ആർ.എ. ,എച്ച് . ടി.എ., പി.ടി.എ. | |
| 1 | 7/14 – 1/16 | 2250 | 710 | 1540x19 = 29260 |
| 2 | സറണ്ടർ | 2000 | 530 | 1470x1 = 1470 |
| | ആകെ | | | 30730 |

സി) മേൽ പ്രകാരം തെറ്റായി കുടിശിക തുക കൂടുതലായി കണക്കാക്കിയതിനാൽ അരിയർ തുകക്ക് അനുവദിച്ച പലിശ കണക്കാക്കിയതിലും കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.വിശദവിവരം താഴെകൊടുക്കുന്നു.

| ഗഡു നം. | തിയ്യതി/ കാലയളവ് | പലിശ നല്കിയ കുടിശിക തുക- പലിശ തുക | പലിശ നല്കാവുന്ന കുടിശിക തുക- പലിശ തുക | അധികം നല്കിയ പലിശ |
|---|---|---|---|---|
| 1 | 1.4.17 - 2/16-3/17 | 226421 - 21133 | 170899 - 16150 | 4983 |
| 2 | 1.10.17 – 4/17-9/17 | 169816 -6793 | 128174 - 4999 | 1794 |
| 3 | 1.4.18 - 10/17-3/18 | 113211 - 4528 | 85449 - 000* | 4528 |
| 4 | 1.10.18 - 4/18 -9/18 | 56606 - 2264 | 42724 - 000* | 2264 |
| | ആകെ | | | 13569 |

*കുറിപ്പ് - ടിയാൻ 3,4 ഗഡു തുകകൾ 29.8.17 ന് തന്നെ വാങ്ങിക്കഴിഞ്ഞതിനാൽ ഈ പലിശ

തുകക്ക് അർഹതയില്ല. 3,4 ഗഡു തുകകൾ മുൻകൂട്ടി നല്കിയതിന്റെ കാരണം വ്യക്തമല്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09തീയതി 21.1.19) മറുപടിയൊന്നും നല്കിയിട്ടില്ല. കുടിശ്ശിക തുകയുടെ ബിൽ പഞ്ചായത്ത് ഡെ.ഡയറക്ടറിൽ നിന്നോ ചുമതലപ്പെടുത്തപ്പെട്ട മറ്റ് അധികാരികളിൽ നിന്നോ നിന്നും കൗണ്ടർ സൈൻ ചെയ്ത് വാങ്ങിയിട്ടില്ല. കൃത്യമായി നിർണ്ണയിക്കപ്പെട്ട ശംമ്പളത്തോടൊപ്പം തെറ്റായി ഒരു ഇൻക്രിമെന്റ് കൂട്ടി എഴുതുക, ആനുകൂല്യങ്ങൾക്ക് അർഹതയില്ലാത്ത കാലയളവിലും കുടിശ്ശിക കണക്കാക്കുക, അപ്രകാരം തയ്യാറാക്കിയ കുടിശ്ശിക പത്രിക കൗണ്ടർ സൈൻ ചെയ്ത് വാങ്ങാതിരിക്കുക എന്നീ ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മേൽ വിവരിച്ച പ്രകാരം അധികമായും , അനർഹമായും കൈപ്പറ്റിയ തുക(24792 + 30730 + 13569 =) 69091 രൂപ, തുക തിരിച്ചടക്കുന്ന തിയ്യതി വരെ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം തെറ്റായി അധികതുക എടുത്തത് സംബന്ധിച്ച് തുടരന്വേഷണം നടത്തുന്നതിനും , ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുകയും ചെയ്യുന്നു.

## 3-9 <u>പേ റിവിഷൻ കുടിശ്ശിക തുക ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ അടച്ചില്ല.</u>

ശംമ്പള റിവിഷന്റെ ഭാഗമായ കുടിശ്ശിക തുക ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ അടക്കുന്നതിനാണ് സർക്കാർ നിർദ്ദേശം . എന്നാൽ ഒന്നും രണ്ടും ഗഡു തുകകൾ ക്യാഷായി വിതരണം നടത്തി. വിശദവിവരം താഴെ കൊടുക്കുന്നു.

എ) ഒന്നാം ഗഡു

| ക്രമ നം. | വൗച്ചർ നം. തിയ്യതി | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 21700027/ 12.4.17 | 26242 | ശ്രീ.റഫീഖ് കെ. ക്ലാർക്ക് |
| 2 | 21700028/ 12.4.17 | 26242 | ശ്രീ.അബ്ദുൾ നൗഷാദ്. ക്ലാർക്ക് |
| 3 | 21700029/ 12.4.17 | 21762 | ശ്രീമതി. രുഗ്മിണി . ക്ലാർക്ക് |
| 4 | 21700030/ 12.4.17 | 22833 | ശ്രീ.രാധാകൃഷ്ണൻ എ.കെ. , ഒ.എ. |
| 5 | 21700047/ 17.4.17 | 26769 | ശ്രീമതി.ശാരദ ക്ലാർക്ക് |
| 6 | 21700048/ 17.4.17 | 19542 | ശ്രീ.ഷൈജു, ക്ലാർക്ക് |
| 7 | 21700057/ 17.4.17 | 27384 | ശ്രീമതി.മിനി കെ., ജെ.എസ്. |
| 8 | 21700242/ 30.5.17 | 12973 | ശ്രീമതി.സജിത ഭാസ്കർ , ക്ലാർക്ക് |
| 9 | 21700243/ 30.5.17 | 35410 | ശ്രീമതി.വിജയലക്ഷ്മി, അസി.സെക്ര |
| 10 | 21700243/ 30.5.17 | 16497 | ശ്രീ.ഹരികുമാർ, ക്ലാർക്ക് |
| 11 | 21700243/ 30.5.17 | 10226 | ശ്രീമതി.റഹിയാനത്ത് ,ക്ലാർക്ക് |
| 12 | 21700243/ 30.5.17 | 16992 | ശ്രീമതി.വിദ്യാ ദേവി , ഒ. എ. |

| | | | |
|---|---|---|---|
| 13 | 21700243/ 30.5.17 | 8403 | ശ്രീ.സലീം ,പി.ടി.എൽ. |
| | ആകെ | 2,71,275 | |

ബി)രണ്ടാം ഗഡു

| ക്രമ നം. | വൗച്ചർ നം. തിയ്യതി | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 21700681/ 05.10.17 | 28878 | ശ്രീമതി.വിജയലക്ഷ്മി, അസി.സെക്ര |
| 2 | 21700681/ 05.10.17 | 22333 | ശ്രീമതി.മിനി കെ., ജെ.എസ്. |
| 3 | 21700681/ 05.10.17 | 17748 | ശ്രീമതി. രുഗ്മിണി . ക്ലാർക്ക് |
| 4 | 21700681/ 05.10.17 | 10580 | ശ്രീമതി.സജിത ഭാസ്കർ , ക്ലാർക്ക് |
| 5 | 21700681/ 05.10.17 | 15713 | ശ്രീ.ഷൈജു, പി.പി. ക്ലാർക്ക് |
| 6 | 21700681/ 05.10.17 | 13453 | ശ്രീ.ഹരികുമാർ, ക്ലാർക്ക് |
| 7 | 21700681/ 05.10.17 | 8339 | ശ്രീമതി.റഹിയാനത്ത് ,ക്ലാർക്ക് |
| 8 | 21700681/ 05.10.17 | 21831 | ശ്രീമതി.ശാരദ എം.സി. , |
| 9 | 21700681/ 05.10.17 | 21401 | ശ്രീ.റഫീഖ് കെ. ക്ലാർക്ക് |
| 10 | 21700681/ 05.10.17 | 21401 | ശ്രീ.അബ്ദുൾ നൗഷാദ്. ക്ലാർക്ക് |
| 11 | 21700681/ 05.10.17 | 18621 | ശ്രീ.എ.കെ.,രാധാകൃഷ്ണൻ , ഒ.എ. |
| 12 | 21700681/ 05.10.17 | 13858 | ശ്രീമതി.വിദ്യാ ദേവി , ഒ. എ. |
| 13 | 21700681/ 05.10.17 | 6853 | ശ്രീ.സലീം ,പി.ടി.എൽ. |
| | ആകെ | 2,21,009 | |

അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09തീയതി 21.1.19) മറുപടിയൊന്നും നല്കിയിട്ടില്ല .മതിയായ പരിശോധന നടത്താതെ ചെലവുകൾ നടത്തുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് - രേഖകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല..

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കുന്നതിന് ആധാരമായ രേഖകൾ തൃപ്തികരമായവിധം സൂക്ഷിച്ചിട്ടില്ല എന്ന് കാണുന്നു. ചെലവഴിക്കുന്ന തുകകൾ എപ്രകാരം കണക്കാക്കിയതാണ് എന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നില്ല. വിശദവിവരം താഴെക്കൊടുക്കുന്നു

കമ്പളക്കാട് (കൺസ്യൂമർ നം. 9050), പനമരം (കൺസ്യൂമർ നം.16 ), മീനങ്ങാടി (കൺസ്യൂമർ നം. 10152)എന്നീ സെക്ഷനുകളിൽ യഥാക്രമം 15273/-, 4667/- , 3066/- രൂപ വീതം പ്രതിമാസം അടക്കുന്നുണ്ട് (ആകെ 23006/-രൂപ – 7/17മുതൽ 44594 രൂപ). എന്നാൽ ഏതെല്ലാം ഇനം വിളക്കുകൾക്ക് എത്ര രൂപ തോതിലുള്ള തുകയാണ് ഇതെന്ന വിവരം

പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ട് , അവ എവിടെയൊക്കെ വിന്യസിക്കപ്പെ ട്ടിരിക്കുന്നു തുടങ്ങിയ കൃത്യമായ വിവരങ്ങൾ , തെരുവ് വിളക്കുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. അതിനാൽ അടക്കുന്ന തുകയുടെ കൃത്യത ഓഡിറ്റിൽ തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. രേഖകൾ പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അധികം അടവാക്കുന്നു.

പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം എന്നിവ ഒടുക്കുന്നതിന് ആധാരമായ രേഖകൾ തൃപ്തികരമായവിധം സൂക്ഷിച്ചിട്ടില്ല എന്ന് കാണുന്നു. പ്രതിമാസം 85750/- രൂപ തോതിൽ ജല അതോറിറ്റിയിൽ തുക ഒടുക്കുന്നുണ്ട്. ജല അതോറിറ്റി നല്കുന്ന ഡിമാന്റ് നോട്ടീസിൽ 196 ടാപ്പുകൾക്ക് 5250/- തോതിലുള്ള തുകയാണിത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ സംയുക്ത പരിശോധനാ റിപ്പോർട്ടിൽ (തിയ്യതി രേഖപ്പെടുത്തിയിട്ടില്ല – 15.1.2014 ലെ പഞ്ചായത്ത് തീരുമാനപ്രകാരം നടത്തിയത് ) ആകെ 125 ടാപ്പുകളാണ് നിലവിലുള്ളതായി കണ്ടെത്തിയിട്ടുള്ളത്. കണ്ടെത്തിയ 125ടാപ്പുകളും പ്രവർത്തനക്ഷമമാണെന്നും പ്രവർത്തനക്ഷമമല്ലാത്തവ ഒന്നും കണ്ടെത്തിയിട്ടില്ല എന്നുമാണ് റിപ്പോർട്ട്. അതനുസരിച്ച് (196 – 125 =)71 ടാപ്പുകളുടെ തുക അധികമായി അടക്കുന്നുണ്ട്. ഇപ്രകാരം 71x 5250 = 372750/- രൂപ തൻവർഷം അധികമായി അടച്ചിട്ടുണ്ട്.ചെലവുകൾ നടത്തുന്ന വേളയിൽ മതിയായ പരിശോധന നടത്താതിരിക്കുന്നതിനാൽ അധികച്ചെലവുകൾ ഉണ്ടാകുന്നു . തുക ചെലവഴിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | മാസം | വൗച്ചർ നം. /തിയ്യതി | അടച്ച തുക (@196x5250/12 =85750 (രൂപ) | അടക്കാവുന്ന തുക (@125x5250/12 = 54687.5(രൂപ) | അധികം അടച്ച തുക |
|---|---|---|---|---|---|
| 1 | ഏപ്രിൽ | 21700102/ 27.4.17 | 85750 | 54687.5 | 31062.5 |
| 2 | മെയ് | 21700198/ 24.5.17 | 85750 | 54687.5 | 31062.5 |
| 3 | ജൂൺ | 21700351/ 29.6.17 | 85750 | 54687.5 | 31062.5 |

| | | | | | |
|---|---|---|---|---|---|
| 4 | ജൂലായ് | 21700417/ 14.7.17 | 85750 | 54687.5 | 31062.5 |
| 5 | ഓഗസ്റ്റ് | 21700500/ 11.8.17 | 85750 | 54687.5 | 31062.5 |
| 6 | സെപ്റ്റംബർ | 21700626/ 15.9.17 | 85750 | 54687.5 | 31062.5 |
| 7 | ഒക്ടോബർ | 21700734/ 24.10.17 | 85750 | 54687.5 | 31062.5 |
| 8 | നവംബർ | 21700813/ 17.11.17 | 85750 | 54687.5 | 31062.5 |
| 9 | ഡിസംബർ | 21700899/ 14.12.17 | 85750 | 54687.5 | 31062.5 |
| 10 | ജനുവരി | 21701001/ 10.01.18 | 85750 | 54687.5 | 31062.5 |
| 11 | ഫെബ്രുവരി | 21701202/ 16.2.18 | 85750 | 54687.5 | 31062.5 |
| 12 | മാർച്ച് | 21701346/ 14.3.18 | 85750 | 54687.5 | 31062.5 |
| | | | 10,29,000 | 6,56,250 | 3,72,750 |

അപാകതകൾ വിശദീകരിക്കണമെന്നും അധികമായി അടച്ച തുക 372750/- രൂപ അനവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖകൾ സഹിതം ഓഡിറ്റിന് നല്കണമെന്നും ഓഡിറ്റ് എൻക്വയറി നമ്പർ 11തീയതി 21.1.19 മുഖേന സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യ ത്തിൽ തൻവർഷം അധികമായി അടച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 372,750/- രൂപ

ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. മുൻവർഷങ്ങളിൽ അധിക തുക അടച്ചിട്ടുണ്ടെങ്കിൽ ആയത് കൂടി തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-12 യാത്രാപ്പടി അനുവദിക്കുന്നത് - അപാകതകൾ

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ജീവനക്കാരുടെയും മെമ്പർമാരുടെയും യാത്രാപ്പടി ബില്ലുകൾ നല്കിയതിൽ അപാകതകൾ ഉള്ളതായി കാണുന്നു. വിശദവിവരം താഴെക്കൊടുക്കുന്നു.

- പ്രതിമാസ സീലിംഗ് പാലിക്കാതെ യാത്രപ്പടി അനുവദിക്കുന്നു. ഉദാ: വൗച്ചർ നം.

21700078/19.4.17 - 52164/- രൂപ, വൗച്ചർ നം.21700319/9.6.17 - 22420/- രൂപ.

- യാത്രാപ്പടി ബില്ലുകളോടൊപ്പം ടൂർ ഡയറികൾ വെക്കുന്നില്ല.

- യാത്രകൾക്ക് ആധാരമായ രേഖകൾ/ വിവരങ്ങൾ എന്നിവ, പലപ്പോഴും , ലഭ്യമല്ല.

ഉദാഹരണമായി നിരവധി തിരുവനന്തപുരം യാത്രകൾക്കായി യാത്രാപ്പടി അനുവദിച്ചിട്ടുണ്ട്.

എന്നാൽ യാത്രയെത്തുടർന്നുള്ള പുരോഗതി/വിവരം എന്നിവ സംബന്ധിച്ച വിവരങ്ങളോ ,

ഫയലിൽ രേഖപ്പെടുത്തലുകളോ ഇല്ല.

അപാകതകൾ വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 10തീയതി 21.1.19) മറുപടി നല്കിയിട്ടില്ല. ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചതിൽ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവുകൾ നടത്തുന്ന വേളയിൽ മതിയായ പരിശോധന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 രേഖകൾ ഹാജരാക്കിയിട്ടില്ല.

I) ഗ്രാമപഞ്ചായത്ത് തൻ വർഷം ചെലവ് നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | ചെലവ് തുകയും, ട്രഷറി ബിൽ നമ്പറും |
|---|---|---|
| 1 | എസ്.0252/18, താഴെ വരദൂർ പാടിക്കര റോഡ് സോളിംഗ് | 100000/- രൂപ 04/2017-18, 01.07.2017 |
| 2 | എസ്.0260/18, തേവർവാടികുന്ന് അംഗൻവാടി കെട്ടിടം | 55639/-രൂപ 13/2017-18, 30.08.2017 |
| 3 | എസ്.0281/18, അരിവാരം കുഴിഞ്ഞകാട് | 350000/-രൂപ 19/2017-18, |

| | | |
|---|---|---|
| | റോഡ് കോൺക്രീറ്റ് | 28.09.2017 |
| ആകെ തുക | | 505639/-രൂപ |

II) ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ മിനുട്ട്സ് ബുക്ക്, ബാങ്ക് പാസ് ബുക്ക്, വരവ് ചെലവ് കണക്ക് രജിസ്റ്റർ, ദിന ഡയറി, ചെലവ് വൗച്ചർ, മസ്റ്റർ റോൾ തുടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് തുകയും, ട്രഷറി ബിൽ നമ്പർ/ചെക്ക് നം |
|---|---|---|---|
| 1 | എസ്.0273/18, അരിവാരം സഫീർ റോഡ് കോൺക്രീറ്റ് | 200000/-രൂപ (സംരക്ഷണ ഗ്രാന്റ്) | 200000/- രൂപ 44/2017-18, 28.02.2018 |
| 2 | എസ്.219/17, ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ്. | 100000/-രൂപ (81000ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, 19000 തനത് ഫണ്ട്) | 95737/-രൂപ<br>(81000/- 01/2017-18, 01.07.2017; 14737/- ചെക്ക് നം. 342266/ 31.03.2017) |
| 3 | എസ്.0220/17, റബർകുന്ന് കൊപ്ര റോഡ് കോൺക്രീറ്റ് | 100000/-രൂപ (83000ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, 17000 തനത് ഫണ്ട്) | 100000/-രൂപ (<br>83000/- 02/2017-18, 01.07.2017; 17000/-ചെക്ക് നം. 342266/ 31.03.2017 ) |
| 4 | എസ്.0264/17, കവുങ്ങൻതോടൻ നടപ്പാത കോൺക്രീറ്റ്. | 200000/-രൂപ (180000 ലോക ബാങ്ക് ഗ്രാന്റ്, 20000 തനത് ഫണ്ട്) | 200000/-രൂപ (<br>180000/- 14/2017-18, 30.08.2017; 20000/-ചെക്ക് നം. 342266/ 31.03.2017) |
| 5 | എസ്.0202/17, കണ്ണാശുപത്രി ഓടകുറ്റി റോഡ് കോൺക്രീറ്റ് | 300000/-രൂപ (ലോക ബാങ്ക് ധനസഹായം) | 222726/-രൂപ 15/2017-18, 30.08.2017; |
| 6 | എസ്.0225/17, ഭൂതാനംകുനംകുന്ന് റോഡ് കോൺക്രീറ്റ് | 200000/-രൂപ (164000ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, 36000 തനത് ഫണ്ട്) | 194409/- രൂപ (<br>164000/- 05/2017-18, 01.07.2017; 30409/- ചെക്ക് നം. 342266/ 31.03.2017) |
| ആകെ ചെലവ് തുക | | | 1012872/-രൂപ |

രേഖകൾ ഹാജരാക്കുന്നതിന് 19.01.2019 -ലെ ഓഡിറ്റ് റിക്വസിഷൻ പ്രകാരം രേഖമൂലം അസി. എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ

റിപ്പോർട്ടിലെ ഖണ്ഡിക 3-15 I (1) (2) (3) പ്രകാരം നിരാകരിച്ച 22688/-രൂപ ഒഴികെ (പട്ടിക II, ക്രമ നമ്പർ 2,4,6 -ലെ പ്രവൃത്തികളുടെ) മേൽ പ്രവൃത്തികളുടെ ആകെ ചെലവ് തുക 15,18,511/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ലഭ്യമാക്കാത്തപക്ഷം പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി പരിഗണിച്ച് ചെലവ് തുക നിരാകരിക്കുന്നതാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങലിലെ ചട്ടം 12(2) അനുസരിച്ച് രേഖകൾ ഇല്ല എന്ന നിഗമനത്തിൽ ചെലവുകൾ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

## 3-14 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിക്ക് കരാറുകരനുള്ള ലാഭം അനുവദിച്ചതിനാൽ നഷ്ടം.

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ താമരക്കൊല്ലി കലുങ്ക് നിർമ്മാണം എന്ന പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുടമ്പടി വെച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോഴും കരാറുകാരനുള്ള ലാഭ തുക ഒഴിവാക്കാത്തതിനാൽ 9099/-രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.01250/18 |
| അടങ്കൽ | 100000/-രൂപ (സംരക്ഷണ ഫണ്ട്) |
| ചെലവ് | 100000/-രൂപ (ട്രഷറി ബിൽ നം. 16/17-18, 30.08.2017) |
| എം. ബുക്ക് നമ്പർ | 255/2015-16 (പേജ് നം. 1-12) |
| കരാറുടമ്പടി നമ്പർ | AE/LSGD/KMTA/60/2016-17, 08.03.2017 |
| കൺവീനർ | ശ്രീ. അബു പാട്ടതൊടുക. |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 97244/-രൂപ |

അധികമായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പ്രവൃത്തി ഇനങ്ങൾ | ചെയ്ത അളവ് | അനുവദിച്ച നിരക്ക്, തുക | അനുവദിക്കേണ്ടിയിരുന്ന നിരക്ക്, തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Earth exavation | 10.15 ഘ.മീ. | 219/ഘ.മീ. , 2222.85 | 204.72/ഘ.മീ. , 2077.10 |
| 2 | Cement concrete 1:4:8 | 3.19 ഘ.മീ. | 5980.75/ഘ.മീ. 19078.59 | 5590.70/ഘ.മീ. 17834.33 |
| 3 | Cement concrete 1:3:6 | 5.521ഘ.മീ. | 6117.57/ഘ.മീ. 33775.10 | 5718.60/ഘ.മീ., 31572.39 |
| 4 | Reinforced cement concrete 1:1.5:3 | 1.95ഘ.മീ. | 8663.09/ഘ.മീ. 16893.02 | 8098.11/ഘ.മീ. 15791.31 |
| 5 | Steel reinforcement for RCC | 100.62 കി.ഗ്രാം | 94.69/കി.ഗ്രാം. 9527.70 | 88.52/കി.ഗ്രാം 8906.88 |
| 6 | Centering and shuttering | 26.73 ച.മീ. | 589.09/ച.മീ. , 15746.37 | 550.67/ച.മീ. , 14719.40 |
| ആകെ | | | 97243.63 | 90901.41 |

ലാഭ വിഹിതം , ഓവർഹെഡ് ചാർജ് എന്നിവ(15%) ഉൾപ്പെടെയുള്ള പ്രവൃത്തി മൂല്യം 97244/-രൂപയോട് 5% വാറ്റും (4862) 1%ക്ഷേമനിധിയും (972) കൂട്ടിയതിന് ശേഷം അടങ്കൽ തുകയായ 100000/- രൂപയിലേക്ക് പരിമിതപ്പെടുത്തി ചെലവ് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

മുകളിലെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള അനുവദിക്കേണ്ടിയിരുന്ന നിരക്കിൽ 7.5% ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെട്ടിട്ടുള്ള തുകയാണ്. ആയതിനാൽ പ്രസ്തുത ആകെ തുകയിൽ (90901) നിന്നും ടാക്സും ക്ഷേമനിധിയും ഈടാക്കി ബാക്കി തുകയാണ് ഗുണഭോക്തൃ സമിതിക്ക് അർഹമായിട്ടുള്ളത്. ആയതിനാൽ 9099/-രൂപയുടെ (100000 - 90901) അധികം ചെലവ്

ഉണ്ടായിട്ടുണ്ട്.

21.01.2019 - ലെ ഓഡിറ്റ് എൻക്വയറി നം. 12/2017-18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തനുണ്ടായ നഷ്ടം 9099/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഗുണഭോക്തൃ സമിതിയുമായി കരാറുടമ്പടിയിൽ ഏർപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-15 ഗുണഭോക്തൃ സമിതിക്ക് അധിക തുക നൽകി.

ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തി പ്രോജക്ടിന്റെയും എസ്റ്റിമേറ്റിൽ ഒരോ ഇനത്തിനും 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികളിൽ (എസ്റ്റിമേറ്റ് നിരക്കിലുള്ള മൂല്യനിർണ്ണയത്തിൽ) നിന്നും ബാധകമായ നികുതികൾ ഈടാക്കണമെന്ന് 29.02.2016 -ലെ ജി. ഒ. (പി) നം. 30/2016/ധനം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് പുറമേ 16.03.2018 - ലെ ഡി.ബി.3 - 9058/17/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ, എസ്റ്റിമേറ്റിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ 5% കുറവ് വരുത്തണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ സർക്കാർ ഉത്തരവിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ വിരുദ്ധമായി ഗുണഭോക്തൃ സമിതിയിൽ നിന്നും വസൂലാക്കലുകൾ വരുത്താതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക (നികുതി + തൊഴിലാളി ക്ഷേമനിധി) ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I) വാറ്റും, തൊഴിലാളി ക്ഷേമനിധിയും പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ.

| ക്രമ നം | പ്രോജക്ട് നമ്പറും പേരും | ചെലവ് തുക, ട്രഷറി ബിൽ നം./ ചെക്ക് നം. | പ്രവൃത്തി മൂല്യം | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | എസ്.0219/17, ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ് | 95737രൂപ<br>81000/- 01/17-18, 01.07.2017<br>14737/-(ചെക്ക് നം. 342266/ 31.03.2017) | 90318 | 5419 | വാറ്റ്: 4516<br>ക്ഷേമനിധി: 903 |

| | | | | | |
|---|---|---|---|---|---|
| 2 | എസ്.0282/18, കവുങ്ങൻതോടൻ നടപ്പാത കോൺക്രീറ്റ് | 200000രൂപ<br>180000/- 14/17-18, 30.08.2017<br>20000/-(ചെക്ക് നം. 342266/ 31.03.2017) | 193735 | 6265 | വാറ്റ്: 9887<br>ക്ഷേമനിധി: 1937<br>അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി. |
| 3 | എസ്.0270/18, ഭ്രതാനംകുന്ന് റോഡ് കോൺക്രീറ്റ് | 194409രൂപ<br>164000/- 05/17-18, 01.07.2017<br>30409/-(ചെക്ക് നം. 342266/ 31.03.2017) | 183405 | 11004 | വാറ്റ്: 9170<br>ക്ഷേമനിധി: 1834 |
| 4 | എസ്.0267/18, അമ്പലം കോയക്കുട്ടി റോഡ് സൈഡ് കെട്ടി മണ്ണ് ഫില്ലിംഗ് | 77487രൂപ<br>39/17-18, 19.02.2018 | 73101 | 4386 | വാറ്റ്: 3655<br>ക്ഷേമനിധി:751 |
| 5 | എസ്.0201/17, മൃഗാശുപത്രി കൊല്ലിവയൽ റോഡ് സംരക്ഷണം | 355755രൂപ<br>130416/- 81/16-17, 30.03.2017<br>225339/-<br>21/17-18, 25.12.2017 | 345465 | 10290 | ആദ്യ പാർട്ട് ബിൽ<br>വാറ്റ്: 6835<br>ക്ഷേമനിധി: 1367<br>രണ്ടാം പാർട്ട് ബിൽ<br>ക്ഷേമനിധി: 2088 (രണ്ടമത്തെ പാർട്ട് ബില്ലിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | നിന്നും ക്ഷേമനിധി മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ) |
| ആകെ അധികം നൽകിയത് | | | | 37364 | |

II) 5% കുറവ് ചെയ്യാതെയും ക്ഷേമനിധി ഗുണഭോക്തൃ സമിതിയിൽ നിന്നീടാക്കാതെയും 16.03.2018 - ന് ശേഷം ട്രഷറിയിൽ ബില്ല് സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പറും പേരും | ചെലവ് തുക, ട്രഷറി ബിൽ നം./ ചെക്ക് നം. | പ്രവൃത്തി മൂല്യം, | പ്രവൃത്തി മൂല്യത്തിന്റെ 5%, ബിൽ ട്രഷറിയിൽ സമർപ്പിച്ച തീയതി | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | എസ്.0173/18, ചുണ്ടക്കര മാപ്പിളക്കണ്ടി നടപ്പാത കോൺക്രീറ്റ് | 42290രൂപ67/17-18, 22.03.2018 | 41871 | 2094, 19.03.2018 | 39777 | 2513 (ക്ഷേമനിധി : 419) |
| 2 | എസ്.0178/18, കോട്ടയപ്പറമ്പൻ നടപ്പാത കോൺക്രീറ്റ് | 39873രൂപ 69/17-18, 24.03.2018 | 39478 | 1973, 23.03.2018 | 37505 | 2368 (ക്ഷേമനിധി : 395) |
| 3 | എസ്.0169/18, കളത്തിൽ ചിന്നപ്പൻ നടപ്പാത | 41654 രൂപ 71/17-18, 24.03.2018 | 41242 | 2062, 23.03.2018 | 39180 | 2474 (ക്ഷേമനിധി : 412) |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റ് | | | | | |
| 4 | എസ്.0171/18, പാറപ്പുറം നടപ്പാത കോൺക്രീറ്റ് | 41389 രൂപ 77/17-18, 24.03.2018 | 40979 | 2049, 23.03.2018 | 38930 | 2459 (ക്ഷേമനിധി : 410) |
| 5 | എസ്.0170/18, ആനക്കുഴി നടപ്പാത കോൺക്രീറ്റ് | 42940 രൂപ 78/17-18, 24.03.2018 | 42515 | 2126, 23.03.2018 | 40389 | 2551 (ക്ഷേമനിധി : 425) |
| 6 | എസ്.0172/18, ബെന്നൻപടി നടപ്പാത കോൺക്രീറ്റ് | 41768രൂപ 82/17-18, 26.03.2018 | 41354 | 2068, 24.03.2018 | 39286 | 2482 (ക്ഷേമനിധി : 414) |
| ആകെ അധികം | | | | | | 14847 |

III)തൊഴിലാളി ക്ഷേമനിധി വിഹിതം പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ (01.07.2017 ശേഷം ബിൽ സമർപ്പിച്ച പ്രവൃത്തികൾ).

| ക്രമ നം | പ്രോജക്ട് നമ്പറും പേരും | ചെലവ് തുക, ട്രഷറി ബിൽ നം./ ചെക്ക് നം. | പ്രവൃത്തി മൂല്യം | അധികം നൽകിയ തുക (ക്ഷേമനിധി) |
|---|---|---|---|---|
| 1 | എസ്.0174/18, മാനഞ്ചേരി കനാൽ നടപ്പാത കോൺക്രീറ്റ് | 41764രൂപ 43/17-18, 28.02.2018 | 41354 | 413 |
| 2 | എസ്.0176/18, സ്നേഹനഗർ - ഒന്നാം മൈൽ റോഡ് കോൺക്രീറ്റ് | 42265രൂപ 42/17-18, 28.02.2018 | 41847 | 418 |
| 3 | എസ്.0175/18, ചുണ്ടക്കര പെരീന നടപ്പാത കോൺക്രീറ്റ് | 40097രൂപ 38/17-18, 19.02.2018 | 39700 | 397 |

| | |
|---|---|
| ആകെ അധികം നൽകിയത് | 1228 |

22.1.2019 -ലെ ഓഡിറ്റ് എൻക്വയറി നം . 13/2017-18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഗ്രാമപഞ്ചായത്തിനുണ്ടായ ആകെ നഷ്ടം 53439/-രൂപ (37364 + 14847+ 1228) ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-16 മണ്ണിട്ട് നികത്തലിന് അധിക തുക നൽകി.

ഈച്ചൻകുടി - കവുങ്ങുംപിള്ളി - കാനഞ്ചേരി റോഡ് സൈഡ് കെട്ടി മണ്ണ് ഫില്ലിംഗ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 5-ാം ഇനമായ കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നികത്തൽ എന്നതിന് അളവ് പുസ്തകത്തിൽ പരിമിതപ്പെടുത്തിയ അളവ് പ്രകാരമല്ലാതെ തുക അനുവദിച്ചതിനാൽ 20267/-രൂപ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0192/18 |
| അടങ്കൽ | 200000/-രൂപ (സംരക്ഷണ ഫണ്ട്) |
| ചെലവ് | 196732/-രൂപ (ട്രഷറി ബിൽ നം. 36/17-18, 09.02.2018) |
| എം. ബുക്ക് നമ്പർ | 73/2016-17 (പേജ് നം. 1-16) |
| കരാറുടമ്പടി നമ്പർ | AE/LSGD/KMTA/18/2017-18, 11.10.2017 |
| കരാറുകാരൻ | ശ്രീ. ഷമീർ എ. |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 196732/-രൂപ |

അളവ് പുസ്തകത്തിലെ പേജ് നമ്പർ 11-ൽ രേഖപ്പെടുത്തിയിട്ടുള്ള അളവ് പ്രകാരം ആകെ ചെയ്ത മണ്ണിട്ട് നികത്തൽ പ്രവൃത്തി 253.35 ഘ.മീ. ആണ്. ആയതിൽ നിന്നും ടേപ്പ് മെഷർമെന്റിന് 25.34ഘ.മീ. -യും (10%), കൺസോളിഡേഷന് 50.67ഘ.മീ. - യും (20%) കുറവ് വരുത്തി 177.34 ഘ.മീ. ആണ് തുക അനുവദിക്കാവുന്ന അളവായി അളവ് പുസ്തകത്തിലെ പേജ് നമ്പർ 12-ൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിലെ മെമ്മോ ഓഫ് പേയ്മെന്റിൽ (പേജ് നമ്പർ 14-ൽ) മണ്ണിട്ട് നികത്തൽ ഇനത്തിന് 248.40ഘ.മീ. -ന്റെ (എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്ന അളവിൻെറ 15% അധികത്തിലേയ്ക്ക് അളവ് പരിമിതപ്പെടുത്തിയത്) തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം ബിൽ തയ്യാറാക്കി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അധികമായി കൊടുത്ത തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| വിവരണം | അളവ് | നിരക്ക് | തുക |
|---|---|---|---|
| അനുവദിച്ചത് | 248.40 ഘ.മീ. | 285.21/ഘ.മീ. | 70846.16 |
| അനുവദിക്കേണ്ടിയിരുന്നത് | 177.34 ഘ.മീ. | 285.21/ഘ.മീ. | 50579.14 |

| | | |
|---|---|---|
| | അധികം നൽകിയ തുക | 20267.02 |

18.01.2019 -ലെ ഓഡിറ്റ് എൻക്വയറി നം. 05/2017-18 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 20267/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-17 കരാർഉടമ്പടി പ്രകാരം നൽകേണ്ടതിലും അധിക തുക നൽകി.

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ പ്രകാരം അംഗീകരിച്ച് കരാറുടമ്പടി വെച്ചതിലും അധിക തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് തുക, ട്രഷറി ബിൽ/ ചെക്ക് നം. | കരാറുടമ്പടി വെച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | എസ്.0202/18, ചോമാടി കോളനി നടപ്പാത കോൺക്രീറ്റ് | 300000/-രൂപ( തനത് ഫണ്ട്:25000, വികസന ഫണ്ട്:275000 ) പി.എ.സി.:275050/- ലം . സം.}:24950/- പ്രൊവിഷൻ} (9%) | 291900/- (275000- 76/17-18, 24.03.2018; 16900- ചെക്ക് നം. 1766629, 27.03.2018 | 267624/- (പി.എ.സി.യുടെ 2.7% കുറവ് നിരക്ക്) | 24276/- |
| 2 | എസ്.0209/18, താമരക്കൊല്ലി കോളനി ഡ്രൈനേജ് നിർമ്മാണം | 300000/-രൂപ (തനത് ഫണ്ട്:25000, വികസന ഫണ്ട്: 275000 ) പി.എ.സി.:265774/- ലം . സം.}:34226/- പ്രൊവിഷൻ} (12.9%) | 270900/- 48/17-18, 28.02.2018 | 239994/- (പി.എ.സി.യുടെ 2.7% കുറവ് നിരക്ക്) | 30906/- |
| 3 | എസ്.0208/18, | 500000/-രൂപ ( | 415145/- | 399423/- | 15722/- |

| | | | | | |
|---|---|---|---|---|---|
| | പുളിക്കൽകുന്ന് കോളനി നടപ്പാത പുനരുദ്ധാരണം | നനത് ഫണ്ട്:50000, വികസന ഫണ്ട്- ടി.എസ്.പി: 450000 )<br>പി.എ.സി.:455442/-<br>ലം . സം.}:44558/-<br>പ്രൊവിഷൻ} (9.7%) | 23/17-18, 15.01.2018 | (പി.എ.സി.യുടെ 12.3% കുറവ് നിരക്ക്) | |
| 4 | എസ്.0144/18, നെടുംചിറ രാജ്ജ ഇടവഴി കോൺക്രീറ്റ് | 150000/-രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>പി.എ.സി.:134824/-<br>ലം . സം.}:15176/-<br>പ്രൊവിഷൻ} (11.3%) | 148517/- 50/17-18, 28.02.2018 | 134824/- | 15722/- |
| 5 | എസ്.0137/18, കണിയംകൊല്ലി കോളനി റോഡ് കോൺക്രീറ്റ് | 150000/-രൂപ ( നനത് ഫണ്ട്:15000, വികസന ഫണ്ട്:135000 )<br>പി.എ.സി.:136366/-<br>ലം . സം.}:13634/-<br>പ്രൊവിഷൻ} (10%) | 150000/- (135000- 62/17-18, 17.03.2018;<br>15000- ചെക്ക് നം. 1766627, 26.03.2018 | 136366/- | 13634/- |
| 6 | എസ്.0324/18, ചുണ്ടക്കര മില്ലുമുക്ക് റോഡ് ഡ്രൈനേജ് നവീകരണം | 475000/-രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>പി.എ.സി.:449519/-<br>ലം . സം.}:6360/-<br>പ്രൊവിഷൻ} | 455879/- 98/17-18, 31.03.2018 | 449519/- | 6360 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 7 | എസ്.0206/18, ചുള്ളിപുര കോളനി നടപ്പാത കോൺക്രീറ്റ് | 300000/-രൂപ ( നനത് ഫണ്ട്:25000, വികസന ഫണ്ട്:275000 )<br>പി.എ.സി.:278934/-<br>ലം . സം.}:21066/-<br>പ്രൊവിഷൻ} (7.6%) | 293700/- (275000- 88/17-18, 28.03.2018;<br>18700- ചെക്ക് നം. 1766631, 28.03.2018 | 273076/- (പി.എ.സി.യുടെ 2.1% കുറവ് നിരക്ക്) | 20624/- |
| 8 | എസ്.0121/18, താഴെ വരദൂർ ചൗണ്ടേരികുന്ന് ടാറിംഗ് | 300000/-രൂപ ( നനത് ഫണ്ട്:25000, സംരക്ഷണ ഗ്രാന്റ്: 275000)<br>പി.എ.സി.:290367/-<br>ലം . സം.}:9633/-<br>പ്രൊവിഷൻ} | 299423/- (275000- 48/17-18, 28.02.2018;-24423 ചെക്ക് നം. 1766627, 26.03.2018 | 290367/- | 9056/- |
| 9 | എസ്.0197/18, ജയകൃഷ്ണൻവാടി റോഡ് കോൺക്രീറ്റ് | 100000/-രൂപ ( വികസന ഫണ്ട്)<br>പി.എ.സി.:91098/-<br>ലം . സം.}:8902/-<br>പ്രൊവിഷൻ}(9.8%) | 96120/- 60/17-18, 28.02.2018 | 91098/- | 5022/- |
| 10 | എസ്.0111/18, കെ.എസ്.ഇ.ബി. എടപ്പാള റോഡ് കോൺക്രീറ്റ് | 100000/-രൂപ ( നനത് ഫണ്ട്:15000, ധനകാര്യ | 98669/- (85000- 58/17-18, 28.02.2018;-13669 ചെക്ക് നം. | 90963/- | 7706/- |

| | | | | | |
|---|---|---|---|---|---|
| | | കമ്മീഷൻ ഗ്രാന്റ്: 85000)<br>പി.എ.സി.:90963/-<br>ലം . സം.}:9037/-<br>പ്രൊവിഷൻ} (10%) | 1766627, 26.03.2018 | | |
| 11 | എസ്.0308/18, വികലാംഗ സ്വയംതൊഴിൽ പരിശീലന കേന്ദ്ര ം നവീകരണം | 209000/-രൂപ (ധനകാര് കമ്മീഷൻ ഗ്രാന്റ്)<br>പി.എ.സി.:194145/-<br>ലം . സം.}:14855/-<br>പ്രൊവിഷൻ} (7.7%) | 185453/- (56/17-18, 28.02.2018 | 174730/- (പി.എ.സി.യുടെ 10% കുറവ് നിരക്ക്) | 10723/- |
| 12 | എസ്.0187/18, ഇ.സി. മജീദ്പടി കൾവർട്ട് ഡ്രൈനേജ് നിർമ്മാണം | 150000/-രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>പി.എ.സി.:137691/-<br>ലം . സം.}:12956/-<br>പ്രൊവിഷൻ} (9.4%) | 137691/- (74/17-18, 24.03.2018 | 127089/-(പി.എ.സി. യുടെ 7.7% കുറവ് നിരക്ക്) | 10602/- |
| 13 | എസ്.0195/18, ഉള്ളോടൻ വയൽ റോഡ് കോൺക്രീറ്റ് | 100000/-രൂപ ( വികസന ഫണ്ട്)<br>പി.എ.സി.:90592/-<br>ലം . സം.}:9408/-<br>പ്രൊവിഷൻ} (10.39%) | 97110/- 61/17-18, 28.02.2018 | 90592/- | 6518/- |

| | |
|---|---|
| ആകെ അധികം | 176871/- |

പ്രോജക്ടിൽ ലംസം പ്രൊവിഷനായി ഉൾപ്പെടുത്തിയ തുകയിൽ നിന്നുമാണ് അധിക തുക നൽകിയിട്ടുള്ളത്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1601.1.3 അനുസരിച്ച് എസ്റ്റിമേറ്റിൽ ലംസം ആയി കാണിച്ച തുകയ്ക്ക് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. 1601.1.2.(ഇ) അനുസരിച്ച് ലംസം പ്രവിഷൻ എസ്റ്റിമേറ്റ് തുകയുടെ 5% -ൽ അധികരിക്കാൻ പാടില്ലാത്തതാണ്. ആയതും പാലിച്ചിട്ടില്ല. മേൽ പ്രവൃത്തികളുടെ എസ്റ്റ്മേറ്റ് റിവൈസ് ചെയ്തിട്ടുമില്ല. ആയതിനാൽ ടെണ്ടർ പ്രകാരം അംഗീകരിച്ച തുകയാണ് പരമാവധി നൽകാവുന്നത്.

മുൻകൂർ അനുമതിയില്ലാതെ കരാറുകാരൻ അംഗീകരിച്ച് കരാടുമ്പടി വെച്ച തുകയിലും അധിക തുക നൽകിയതിന് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 21/2017-18, 23.1.2019 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ തുകകൾ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-18 മണ്ണിട്ട് നികത്തൽ - സൈറ്റിൽ ലഭ്യമായ മണ്ണ് കുറവ് ചെയ്തില്ല.

അസിസ്റ്റൻറ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ചെങ്കോട്ട കൃഷണൻകുട്ടി റോഡ് സൈഡ് കെട്ട് എന്ന പ്രോജക്ടിന്റെ എസ്റ്റ്മേറ്റിലെ 5-ാം ഇനമായ കരാറുകരന്റെ മണ്ണ് ഉപയോഗിച്ച് നികത്തൽ എന്ന പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയപ്പോൾ പ്രസ്തുത പ്രവൃത്തിയിലെ 1-ാം ഇനമായി കരിങ്കൽ കെട്ടിന്റെ അസ്ഥിവാരത്തിനു വേണ്ടി കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തിട്ടില്ല. പ്രസ്തുത മണ്ണ് മണ്ണിട്ട് നികത്തൽ പ്രവൃത്തിക്ക് അനുയോജ്യമല്ല എന്ന് അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ അതിന്റെ വിലയായ 7112/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0197/18 |
| അടങ്കൽ | 280000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 269436/-രൂപ (ട്രഷറി ബിൽ നം. 75/17-18, 24.03.2018) |
| പി.എ.സി. | 250820/-രൂപ |
| എം. ബുക്ക് നമ്പർ | 100/2016-17 (പേജ് നം. 1-18) |
| കരാറുടമ്പടി നമ്പർ | AE/LSGD/KMTA/13/2017-18, 11.10.2017 |
| കരാറുകരൻ | ശ്രീ. ഷാജഹാൻ എ. |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 269436/-രൂപ |

പ്രവൃത്തിയുടെ എസ്റ്റ്മേറ്റിലെ 1-ാം ഇനമായി അളവ് പുസ്തകത്തിലെ പേജ് നമ്പർ 1 -ൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകൾ പ്രകാരം 15.964 ഘ. മീ. മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എസ്റ്റ്മേറ്റിലെ 5-ാം ഇനമായ കാരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നികത്തൽ എന്ന

പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ ആകെ അളവ് 220.80 ഘ. മീ. ആണ്. ഇതിൽ നിന്നും കൺസോളിഡേഷന് വേണ്ടിയുള്ള 44.16ഘ.മീ. (20%) മാത്രമേ കുറവ് വരുത്തിയിട്ടുള്ളൂ. സൈറ്റിൽ ലഭ്യമായിരുന്ന 15.964 ഘ. മീ. മണ്ണ് കുറവ് ചെയ്തിട്ടില്ല. 1 ഘ. മീ. മണ്ണിട്ട് നികത്തൽ പ്രവൃത്തിക്ക് എസ്റ്റ്മേറ്റ് പ്രകാരമുള്ള നിരക്ക് 445.52/-രൂപയാണ്. ആയത് അനുസരിച്ച് സൈറ്റിൽ ലഭ്യമായിരുന്ന മണ്ണ് കുറവ് ചെയ്യാത്തതിനാൽ 7112/-രൂപ (15.964 x 445.52) നഷ്ടമായിട്ടുണ്ട്.

18.01.2019 - ലെ ഓഡിറ്റ് എൻക്വയറി നം. 06/2017-18 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 7112/-രൂപ നിരാകരിക്കുന്നു. തുക അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-19 ടെണ്ടർ ഫോറത്തിലെ തിരുത്തൽ സാക്ഷ്യപ്പെടുത്താത്തതിനാൽ തിരുത്തിയെഴുതിയ നിരക്ക് അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസ് രണ്ടാം നില കെട്ടിടം പൂർത്തികരണം എന്ന പ്രവൃത്തിയുടെ 13.01.2017 നടത്തിയ ടെണ്ടറിൽ രണ്ട് കരാറുകരാണ് പങ്കെടുത്തിട്ടുള്ളത്. ഇതിൽ ശ്രീ. ഷമീർ എ. എന്ന കരാറുകാരൻ സമർപ്പിച്ച ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. ഇദ്ദേഹം സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ 17.3% കുറവ് എന്നു രേഖപ്പെടുത്തിയ നിരക്ക് വെട്ടി എസ്റ്റിമേറ്റ് നിരക്ക് എന്ന് തിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്ക് പ്രകാരമാണ് കരാറുകാരന് ബിൽ തുക അനുവദിച്ചിട്ടുള്ളത്. അതുപോലെ പ്രസ്തുത ടെണ്ടറിലെ രണ്ടമത്തെ കരാറുകാരനായ ശ്രീ. ഷാജഹാൻ എ. എന്ന കരാറുകാരനും സമർപ്പിച്ച ടെണ്ടർ ഫോറത്തിൽ 4% കുറവ് എന്നു രേഖപ്പെടുത്തിയ നിരക്ക് വെട്ടി 14% കൂടുതൽ എന്ന് തിരുത്തിയിട്ടുണ്ട്. കരാറുകാർ ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയ നിരക്കും തിരുത്തലുകൾ വരുത്തിയതിന്റെ വിവരങ്ങളും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0205/17 |
| അടങ്കൽ | 490000/-രൂപ ( ലോക ബാങ്ക് ധനസഹാം) |
| ചെലവ് | 425041/-രൂപ [ട്രഷറി ബിൽ നം. 17/17-18, 22/09/2017] |
| എം. ബുക്ക് നമ്പർ | 1)296/15-16 (പേജുകൾ 01-23)<br>2)294/15-16 (പേജുകൾ 01-25) |
| കരാറുടമ്പടി നമ്പർ | 49/16-17, 04/03/2017 |
| പ്രവൃത്തി മൂല്യം | 425041/-രൂപ |
| നിർവ്വഹണം | അസി. എഞ്ചിനിയർ |

23.01.2019 -ലെ ഓഡിറ്റ് എൻക്വയറി നം. 20/2017-18-ന് മറുപടി നൽകിയിട്ടില്ല. ടെണ്ടർ ഫോറത്തിലെ തിരുത്തൽ ടെണ്ടർ തുറന്ന ഉദ്യേഗസ്ഥൻ സാക്ഷ്യപ്പെടുത്താത്തതിനാൽ ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്രവൃത്തി മൂല്യത്തിന്റെ 17.3% തുകയായ 73532/-രൂപ ഓഡിറ്റിൽ

നിരാകരിക്കുന്നു.ആയത് ടെണ്ടർ തുറന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-20 ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്ക് വിവരം എഴുതി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററും ഇഷ്യൂ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയിൽ സ്റ്റോക്കിലുള്ള ടെണ്ടർ ഫോറങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിക്കാതെയും ക്രമ നമ്പർ നൽകാതെയും സൂക്ഷിച്ചിട്ടുള്ളതായാണ് കണ്ടത്. അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണ നടത്തുന്ന പ്രോജക്ടുകളുടെ ടെണ്ടറുകൾക്ക് ആവശ്യമായ ടെണ്ടർ ഫോറങ്ങൾ ഓന്നിച്ച് വിൽപ്പനയ്ക്കായി അവർക്ക് നൽകുകയാണ് ചെയ്തുവരുന്നതെന്നാണ് ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഏറ്റവും അധികം ടെണ്ടർ നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയർ ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടെണ്ടർ ഫോറങ്ങൾ ഏതൊക്കെ കരാറുകാർക്കാണ് വിതരണം ചെയ്തതെന്നും ആയതിന്റെ തുക മുഴുവൻ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോറം കൈപ്പറ്റിയ എല്ലാ കാരറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും എത്രവീതം ടെണ്ടർ ഫോറങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ ബാക്കിയുണ്ട് എന്നും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഭൗതിക പരിശോധന സമയത്ത് സ്റ്റോക്കിലുണ്ടായിരുന്ന ടെണ്ടർ ഫോറങ്ങൾക്ക് ക്രമ നമ്പർ നൽകി 23.01.2019-ന് സ്റ്റേക്ക് രജിസ്റ്ററിൽ ചേർത്ത് ഹാജരാക്കി. ടെണ്ടർ ഫോറം സ്റ്റോക്കിന്റെയും വിതരണത്തിന്റെയും വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. ടെണ്ടർ ഫോറങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യേഗസ്ഥർ വിതരണത്തിന്റെ വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-21 പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലെയും നിർവ്വഹണത്തിലെയും വീഴ്ചകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും രേഖകളുടെ സൂക്ഷിപ്പും സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) റോഡ് രജിസ്റ്റർ, റോഡ് കണക്ടുവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗ രേഖ [ജി.ഒ.(എം.എസ്)നം. 72/2017/തസ്വഭവ, 29.03.2017] ഖണ്ഡിക 12.1 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടുവിറ്റി ഭൂപടം തയ്യാറാക്കാൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്. റോഡ് കണക്ടുവിറ്റി ഭൂപടം തയ്യാറാക്കി അറിയിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിക്കാത്തതും ക്രമ നമ്പർ ഇല്ലാത്തതുമായ ടെണ്ടർ ഫോറങ്ങളിലാണ് പല പ്രവൃത്തികളുടെയും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. അതിനാൽ ടെണ്ടർ ഫോറങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ നിന്നു തന്നെ വാങ്ങിയവയാണെന്ന് ഉറപ്പുവരുത്താൻ

സാധിച്ചിട്ടില്ല. ടെണ്ടർ ഫോറം വിൽപ്പനയിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3) വർക്ക് ഫയലുകളോടോപ്പം നോട്ട് ഫയൽ ഇല്ല. ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. ടെണ്ടർ പരസ്യത്തിന്റെ വിവരങ്ങളില്ല. ടെണ്ടറുകളുടെ താരതമ്യ പത്രികയില്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. തിരുത്തലുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അക്ഷരത്തിൽ നിരക്ക് രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നില്ല. ടെണ്ടർ ഫോറങ്ങളിൽ പലതിലും കരാറുകരൻ രേഖപ്പടുത്തിയ നിരക്കുകൾ ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ അക്ഷരത്തിൽ രേഖപ്പടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം ലൊക്കേഷൻ മാപ്പും ഡ്രോയിങ്ങും ഇല്ല. റോഡ് പ്രവൃത്തികളുടെ ചെയ്നേജ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും കരാറുടമ്പടിയിൽ പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4) ടാറിംഗ് പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ ടാറിന്റെ അഡ്വികസി രേഖപ്പടുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും ഒറിജിനൽ ടാർ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഉദാ:1) എസ്.0127/17, കീരിപറ്റകുന്ന് മൂർത്തിമൂല റോഡ് ടാറിംഗ്; 2) എസ്.0228/17, സെമിത്തേരികുന്ന് റോഡ് ടാറിംഗ്. ടാറിന്റെ അഡ്വിക്വസി കണക്കാക്കി ഒറിജിനൽ ടാർ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) ഇ-ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടില്ല. ടെണ്ടർ രജിസ്റ്റർ പ്രകാരം 2017 -18 വർഷത്തിൽ ആകെ 11 ഇ-ടെണ്ടറുകളിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. 2017 -18 വർഷത്തിന് മുമ്പും അതിനുശേഷവും നടത്തിയ ഇ -ടെണ്ടറുകളുടെ ടെണ്ടർ ഫോറം വിലയും ഗ്രാമപഞ്ചായത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വ.യം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കപ്പെട്ടിട്ടുള്ള ഇ-ടെണ്ടർ ഫോറങ്ങളുടെ തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

23.1.2019 -ലെ ഓഡിറ്റ് എൻക്വയറി നം. 19/2017-18 മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 10,00,000 | പാലിന് സബ്സിഡി നൽകൽ | 10,00,000 | 0 |
| | 2017-18 | 15,00,000 | നെൽ കൃഷി കൂലിച്ചെലവ് | 14,88,600 | 11,400 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| | 2017-18 | 14,48,800 | നഞ്ചകൃഷി വ്യാപനം | 2,38,894 | 12,09,906 |
| | 2017-18 | 3,00,000 | വയോജനങ്ങൾക്ക് കട്ടിൽ | 3,00,000 | 0 |
| | 2017-18 | 70,000 | ഭിന്നശേഷി കുട്ടികൾക്ക് ഉപകരണം | 0 | 70,000 |
| | 2017-18 | 7,00,000 | വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം | 0 | 7,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3,37,000 | പാലിന് സബ്സിഡി നൽകൽ | 3,37,000 | 0 |
| | 2017-18 | 10,00,000 | നഞ്ചകൃഷി വ്യാപനം | 0 | 10,00,000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ചിറ്റൂർ പുഴങ്കുനി ശുദ്ധജല വിതരണ പദ്ധതി | 30/17-18/ 27.2.18 | 300000 | 300000 | 0 |
| കേരള വാട്ടർ അതോറിറ്റി | കോട്ടേക്കാരൻ ശുദ്ധജല വിതരണ പദ്ധതി | 31/17-18/ 28.2.18 | 150000 | 150000 | 0 |
| കേരള വാട്ടർ അതോറിറ്റി | പുളിക്കൽക്കുന്ന് ശുദ്ധജല വിതരണ പദ്ധതി | 28/17-18/27.2.18 | 400000 | 400000 | 0 |
| കേരള വാട്ടർ അതോറിറ്റി | എടക്കൊമ്പം ശുദ്ധജല വിതരണ പദ്ധതി | 29/17-18/ 21.2.18 | 200000 | 200000 | 0 |
| കേരള വാട്ടർ അതോറിറ്റി | ചിറ്റൂർ പുഴങ്കുനി ശുദ്ധജല വിതരണ പദ്ധതി | 43/17-18/ 28.3.18 | 680000 | 680000 | 0 |

| | | | | | |
|---|---|---|---|---|---|
| | പൂർത്തീകരണം | | | | |
| കേരള വാട്ടർ അതോറിറ്റി | പുളിക്കൽക്കുന്ന് ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരണം | 40/17-18/22.3.18 | 300000 | 300000 | 0 |
| കേരള വാട്ടർ അതോറിറ്റി | എടക്കൊമ്പം ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരണം | 42/17-18/ 28.3.18 | 60000 | 60000 | 0 |
| കേരള വാട്ടർ അതോറിറ്റി | കോട്ടേക്കാരൻ ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരണം | 1).45/17-18/ 28.3.18- 3,10,692/- 2)46/ 17-18/ 28.3.18-16,624/- 3).44/17-18 /28.3.18- 26,707/- | 354023 | 354023 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജൂബിലി ഭവന പദ്ധതി | 1715/ഡി.ബ.1 /ത.സ്വ.ഭ.വ തിയ്യതി | 20000000 | 133 96913 | 5000000 | | 9731592 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 29.01.2014 | | | | | | |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2.4,2.5 | 2018 | 1 | തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല. | ഡിമാന്റ് ചെയ്ത് 100ശതമാനം പിരിച്ചെടുക്കുന്നുണ്ട്. |
| | | | 2 | ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നില്ല | ഡിമാന്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,58,07,316 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,19,02,947 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,53,371 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7,85,172 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 85,12,495 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(1) | 28,319 | | പി.ഇബ്രാഹിം, സെക്രട്ടറി (25,172/-)<br>എസ്.ഷാജി, സെക്രട്ടറി (3,147/-) |
| 2-1(2) | 15,014 | | പി.ഇബ്രാഹിം, സെക്രട്ടറി (11,260/-)<br>എസ്.ഷാജി, സെക്രട്ടറി (3,754/-) |
| 2-1(3) | 37,752 | | പി.ഇബ്രാഹിം, സെക്രട്ടറി (25,168/-)<br>എസ്.ഷാജി, സെക്രട്ടറി (12,584/-) |
| 2-1(4) | 1,4,517 | | പി.ഇബ്രാഹിം, സെക്രട്ടറി (12,097/-)<br>എസ്.ഷാജി, സെക്രട്ടറി (2,420/-) |
| 2-2 | 138 | | മുഹമ്മദ് ഷഫീഖ്, കൃഷി ഓഫീസർ |
| 2-3(1) | 1,51125 | | പി.ഇബ്രാഹിം, സെക്രട്ടറി (1,25,937/-)<br>എസ്.ഷാജി, സെക്രട്ടറി (25,188/-) |
| 2-3(6) | 6,506 | | പി.ഇബ്രാഹിം, സെക്രട്ടറി (3,253/-)<br>എസ്.ഷാജി, സെക്രട്ടറി (3,253/-) |
| 3-1 | | 1,656 | ഡോ.സോജരാജ്,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-4 | | 162,933 | എസ്.ഷാജി, സെക്രട്ടറി |
| 3-6 | | 14,483 | ശ്രീമതി.ലുമാഭായ്, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 3-8 | | 69,091 | പി.ഇബ്രാഹിം, സെക്രട്ടറി |
| 3-11 | | 3,72,750 | പി.ഇബ്രാഹിം, സെക്രട്ടറി<br>(62,125/-)<br>എസ്.ഷാജി, സെക്രട്ടറി ( 3,10,625/-) |
| 3-14 | | 9,909 | പോൾചാക്കോ മാർട്ടിൻ, അസി.എഞ്ചിനീയർ |
| 3-15 | | 53,439 | പോൾചാക്കോമാർട്ടിൻ, അസി.എഞ്ചിനീയർ ( 37,364/-) സുരേഷ്.കെ.എസ്, അസി.എഞ്ചിനീയർ ( 16,075/-) |
| 3-16 | | 20,267 | കെ.എസ്.സുരേഷ്, അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-18 | | 7,112 | കെ.എസ്. സുരേഷ്, അസി.എഞ്ചിനീയർ |
| 3-19 | | 73,532 | പോൾ ചാക്കോ മാർട്ടിൻ, അസി.എഞ്ചിനീയർ |
| ആകെ | 2,53,371 | 7,85,172 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 51,69,023 | എസ്. ഷാജി, സെക്രട്ടറി |
| 3-5 | 3,00,000 | ലുമാഭായ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-7 | 13,48,090 | റെജി.എൻ.ജോൺ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-13 | 15,18,511 | കെ.എസ്. സുരേഷ്, അസി.എഞ്ചിനീയർ |
| 3-17 | 1,76,871 | കെ.എസ്. സുരേഷ്, അസി.എഞ്ചിനീയർ |
| ആകെ | 85,12,495 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ഇബ്രാഹിം | റിട്ടയേർഡ് | പറമ്പൻ വീട്<br>കമ്പളക്കാട് (പി.ഒ)<br>കമ്പളക്കാട് |
| എസ്.ഷാജി | സെക്രട്ടറി<br>ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് | തിരുവോണം (ഹൗസ്)<br>കണ്ണിമേൽച്ചേരി, മരുത്തടി പി.ഒ.,<br>കൊല്ലം -691003 |
| ഡോ.സോജരാജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. വരദൂർ | രമനാട് അപ്പാർട്ട്മെൻറ് ചീരാംകുന്ന്, മീനങ്ങാടി പി.ഒ. |
| ലുമാഭായ് | ഐ.സി.ഡി.എസ് | കുറ്റിയാനിക്കൽ വീട് |

| | | |
|---|---|---|
| | സൂപ്പർവൈസർ<br>കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | താഴത്തുർ പി.ഒ<br>സുൽത്താൻ ബത്തേരി |
| പ്രശാന്ത്.എൻ.എസ് | അസി.എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി | നെല്ലിവയൽ വീട്<br>കരണി പി.ഒ |
| കെ.എസ്.സുരേഷ് | അസി.എഞ്ചിനീയർ<br>സു.ബത്തേരി ബ്ലോക്ക് പഞ്ചായത്ത് | കാപ്പിപ്പറമ്പിൽ വീട്<br>നൂൽപ്പുഴ പി.ഒ<br>നൂൽപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ് (ഡബ്ല്യൂ) പി1/654/08 തീയതി 04.08.08 |
| 1997-98 | എൽ.എഫ്(ഡബ്ല്യൂ) പി2/67/07 തീയതി 03.04.07 |
| 1998-99 | എൽ.എഫ്(ഡബ്ല്യൂ) പി3/22/02തീയതി 09.05.06 |
| 1999-00 | എൽ.എഫ്(ഡബ്ല്യൂ) പി3/61/09 തീയതി 29.01.09 |
| 2000-01 | എൽ.എഫ്(ഡബ്ല്യൂ) പി1/559/04 തീയതി 19.05.06 |
| 2000-01 പ്ലാൻ | എൽ.എഫ്(ഡബ്ല്യൂ) പി3/541/03 തീയതി 03.08.06 |
| 2001-02 | എൽ.എഫ്(ഡബ്ല്യൂ) പി1/214/06 തീയതി 03.10.06 |
| 2002-03 | എൽ.എഫ്(ഡബ്ല്യൂ) പി1/122/09 തീയതി 06.02.09 |
| 2003-04 | എൽ.എഫ്(ഡബ്ല്യൂ) പി1/123/09 തീയതി 05.02.09 |
| 2004-05 | എൽ.എഫ്(ഡബ്ല്യൂ) പി1/930/10 തീയതി 09.03.10 |
| 2005-06 | എൽ.എഫ്(ഡബ്ല്യൂ) പി1/929/09 തീയതി 09.03.10 |
| 2006-07 | എൽ.എഫ്(ഡബ്ല്യൂ) പി1/965/12 തീയതി 12.07.12 |
| 2007-08 | എൽ.എഫ്(ഡബ്ല്യൂ) പി1/965/12 തീയതി 12.07.12 |
| 2008-09 | എൽ.എഫ്(ഡബ്ല്യൂ) പി1/221/15 തീയതി 10.06.15 |
| 2009-10 | എൽ.എഫ്(ഡബ്ല്യൂ) പി3/511/13 തീയതി 11.09.13 |
| 2010-11 | എൽ.എഫ്(ഡബ്ല്യൂ) പി2/320/15 തീയതി 10.06.15 |
| 2011-12 | കെ.എസ്.എ (ഡബ്ല്യൂ.വൈ.ഡി) പി2/409/15 തീയതി 25.08.15 |
| 2012-13 | കെ.എസ്.എ (ഡബ്യൂ.വൈ.ഡി) പി2-211/15 തീയതി 29.08.16 |
| 2013-14 | കെ.എസ്.എ (ഡബ്ല്യൂ.വൈ.ഡി)പി2-825/15തീയതി 13.11.17 |
| 2014-15 | കെ.എസ്.എ(ഡബ്ല്യൂ.വൈ.ഡി)പി2-459/16തീയതി 15.12.17 |
| 2015-16 | നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി ).പി2/12/17 തീയ്യതി 27.12.17 |

| | |
|---|---|
| 2016-17 | കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)പി.2/540/2017 തീയ്യതി 30.08.17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി2-72/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 13/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം - 2

## വാർഷിക കണക്കുകളിലെ അപാകതകൾ

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി2-72/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 13/03/2019

2017-18സാമ്പത്തിക വർഷത്തെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൻെറ വാർഷിക കണക്കു പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.അക്കൗണ്ടിംഗ് കുറിപ്പുകൾ, അടിസ്ഥാന അനുപാത സ്റ്റേറ്റുമെന്റുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2.പഞ്ചായത്ത് നൽകിയതും മൂന്നു മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുകകൾ Liability in respect of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ചെക്ക് നമ്പർ : 73889/14.12.2017

3.DCB രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് തുകയും ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ലെ ഷെഡ്യൂൾ 1-1 പ്രകാരമുള്ള ഡിമാന്റ് തുകയും പൊരുത്തപ്പെടുന്നില്ല.

| ഇനങ്ങൾ | പത്രിക / രജിസ്റ്റർ പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി | 6115332 | 5492342 | 622990 |

4.DCB രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ തുകയും റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനങ്ങൾ | പത്രിക / രജിസ്റ്റർ പ്രകാരം | റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം | വ്യത്യാസം |
|---|---|---|---|
| ലൈബ്രറി സെസ്സ് | 305924 | 306400 | 476 |

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. ടെണ്ടർ സെയിൽ ഫോം രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

7.ലോൺ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

8.സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9.തൻ വർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻ വർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10.ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻ വർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

11. RP-32 പ്രകാരം 5000000 രൂപ ലോൺ തിരിച്ചടച്ചിട്ടുണ്ട്. രേഖകളും ലോൺ രജിസ്ററും ലഭ്യമാക്കാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

12.RP-40(b) പ്രകാരം നിലവിൽ പ്രവർത്തിക്കാത്ത 2 അകൗണ്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. TSB ട്രഷറി A/c

2. SMGB A/c 7994- Poold Fund

3. WDCB A/c 20002

13. RP-40(b) പ്രകാരം താഴെ പറയുന്ന അക്കൗണ്ടുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1.Scheduled Bank – own fund 7

2.Scheduled Bank – own fund 9

3. SMGB Kaniyambetta A/c 10104

4. SMGB Kaniyambetta A/c 11036

5. Treausury Savings Bank (1430)

14.അസി.സെക്രട്ടറി, മൃഗ ഡോക്ടർ, അസി.എഞ്ചിനീയർ 7 എ കാഷ് ബുക്ക് ഉപയോഗിക്കുന്നുണ്ട്. മറ്റുള്ളവർ ഉപയോഗിക്കുന്നില്ല.

15.ഗ്രാന്റുമായി ബന്ധപ്പെട്ട് റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റിലെ വരവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തുകയും യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഗ്രാന്റ് ഇനം | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റിലെ വരവ് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ | വ്യത്യാസം |
|---|---|---|---|
| Development Fund-General | 17915952 | 17994452 | 78500 |

16. RP-5 – ൽ Tender Form ഇനത്തിൽ 234460 രൂപ ഉണ്ട്. എന്നാൽ, പ്രസ്തുത തുകയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

17. ബാലൻസ് ഷീറ്റില് "State Govt cesses / levies in property tax"(library cess) എന്ന ഇനത്തിലുള്ള തുക പൊരുത്തപ്പെടുന്നില്ല.

18.ഡെപ്പോസിറ്റ് വർക്കുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.